34. *Amendment of section 65*.—In section 65 of the principal Act,—

(i) in sub-section (1),—

(a) clause (b) shall be omitted;

(b) for clause (d), the following clause shall be substituted, namely:—

"(d) on an application by the majority of the members of the committee of the society or by not less than one third of the total members of the society or the number of members required for quorum for the General Body meeting, whichever is less; or";

(c) in clause (f), after the words "by a person", the words "or persons" shall be added.

(ii) in sub-section (2), after clause (c), the following clause shall be added, namely:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"(d) The person/persons related to or involved in the inquiry shall be issued a notice, indicating the matter of inquiry and he/they shall be provided an opportunity of being heard, with proper notice by registered post or in person.".

(iii) after sub-section (2), the following sub-section shall be inserted, namely:—

"(2A) When an inquiry made under this section reveals any defect, the Registrar or the person or the persons authorized by him to conduct the inquiry, shall prepare a detailed inquiry report regarding the defects, amount of misappropriation and other losses to the society, with quantification of individual liability. If the inquiry reveals any offence under section 94, the enquiry officer shall prepare a special report and submit it to the Registrar and he shall forward a copy simultaneously to the Police or the Vigilance officer, as the case may be, for further detailed investigation.".

(iv) in sub-section (5), for the words "six months", the words "four months" shall be substituted.

(v) in sub-section (6), for the words and figure "provisions of section 32", the words and symbol "he may initiate action in accordance with the provisions of this Act." shall be substituted.

(vi) after sub-section (6), the following sub-section shall be added, namely:—

"(7) If any inquiry reveals that any irregularity, misappropriation or fraud or defalcation of money or property or assets of the co-operative society is committed or that any loss is incurred to the society, the Registrar or any officer specifically empowered or authorised by the Registrar in this behalf shall take immediate necessary steps to recover the misappropriated or defalcated money or property or assets of the society through legal actions after assessing the loss.".

35. *Amendment of section 66*.—In section 66 of the principal Act,—

(i) after sub-section (2), the following sub-sections shall be inserted, namely:—

"(2A) The Registrar may authorize special team of officers under his control for the inspection of apex, central and federal co-operative societies and all other primary co-operative societies.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2B) The report of such inspections shall be communicated in writing to the apex, central and federal societies and all primary co-operative societies concerned, within a period of thirty days and the Committee and the chief executive of the society concerned shall be under an obligation to file a para-wise satisfactory compliance report before the Registrar within a period of forty five days from the date of such communication.".

(ii) sub-section (6) and the proviso thereto shall be deleted.

36. *Amendment of section 66C.*—In section 66C of the principal Act, —

(i) the existing section shall be numbered as sub-section (1).

(ii) the clause (f) in sub-section (1) so numbered, shall be re-lettered as clause (g).

(iii) before clause (g) so re-lettered, the following clause shall be inserted, namely:—

"(f) rectification reports approved by the Committee on audit report and the resolution of the General Body of the society.".

(iv) after sub-section (1), the following shall be inserted as sub-section (2), namely:—

"(2) Every co-operative society shall submit quarterly returns on the credit activities, duly certified by the chief executive of the co-operative society, which will be duly reviewed by the Registrar and the rectification report shall be submitted on the basis of the report evaluated by the Registrar after each quarter. If any society fails to submit the returns on time, the Registrar shall have the power to impose fine not exceeding Ten Thousand Rupees based on the classification and category of the Society as may be prescribed.".

37. *Amendment of section 68.*—In section 68 of the principal Act,—

(i) in sub-section (1), after the words "winding up of the society", the words "or on the basis of the report of the Vigilance Officer" shall be inserted.

(ii) in sub-section (3),—

(a) after the figure and symbols "(2),", the words "within a period of sixty days" shall be inserted;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(b) the following proviso shall be added, namely:—

"Provided that such period may, at the discretion of the Registrar and for reason to be recorded in writing, be extended from time to time, however that the extended period shall not exceed sixty days.".

38. *Insertion of new section 68B*.—After section 68A, the following may be added as section 68B, namely:—

"68B. *Power of Government or Registrar to deal with irregularities etc*.—(1) The Government or the Registrar, as the case may be, may forward the cases of misappropriation or irregularities or corruption in the society which comes under the provisions of the Indian Penal Code, 1860 or/and of the Prevention of Corruption Act, 1988, to the Police or Vigilance and Anti-Corruption Bureau, as the case may be, for investigation and further action.

(2) The Registrar shall be the authority to accord sanction for inquiry/enquiry or investigation and also for taking cognizance of an offence under the Prevention of Corruption Act, 1988 against the members of the Committee and/or officers and servants of the society.

(3) In the case of Chief Executive Officers appointed by the Government, the Secretary to Government, Co-operation Department shall be the sanctioning authority.".

39. *Amendment of section 69*.—In section 69 of the principal Act, in sub-section (1),—

(i) for clause (h), the following clause shall be substituted, namely:—

"(h) between the society and a creditor of the society; or".

(ii) after clause (h), the following clauses shall be added as clause (i) and (j), namely:—

"(i) between the co-operative society and its subsidiaries under section 14AA; or

(j) between the members of the partnership formed under section 14B, such dispute shall be referred to the Co-operative Arbitration Court constituted under section 70A in the case of non-monetary disputes and to the Registrar, in the case of monetary disputes; and the Arbitration Court, or the Registrar, as the case may be, shall decide such dispute and no

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

other court or other authority shall have jurisdiction to entertain any suit or other proceedings in respect of such dispute.”.

40. *Amendment of section 69A*.—In section 69A of the principal Act, in sub-section (1), the words “dealing with banking business” shall be omitted.

41. *Amendment of section 70*.—In section 70 of the principal Act, in sub-section (6), after the words “pass an award”, the words “within a period of one year in cases where monetary matters are involved” shall be inserted.

42. *Amendment of section 70A*.—In section 70A of the principal Act, for sub-section (2), the following sub-section shall be substituted, namely:—

“(2) The presiding officer of the Arbitration Court shall be an officer of and above the rank of a Munsiff-Magistrate of the judicial service.”.

43. *Amendment of section 73*.—In section 73 of the principal Act,—

(i) in sub-section (2A) and its Explanation, for the words “three years”, the words “two years” shall be substituted.

(ii) in sub-section (2A), after the Explanation, the following provisos shall be added, namely:—

“Provided that if the winding up proceedings cannot be completed within a period of two years from the date of appointment of liquidator under sub-section (1) of section 72, the liquidator shall submit a report to the Government through the Registrar stating the procedural constraints which prevent him to complete the proceedings and in such cases issue the final order with the permission of the Government, within the time stipulated by the Government as may be prescribed:

Provided however that such extension shall not exceed a period of one year.”.

44. *Amendment of section 74C*.—In section 74C of the principal Act,—

(i) the existing section shall be numbered as sub-section (1);

(ii) after sub-section (1) so numbered, the following sub-section shall be added, namely:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

“(2) The Registrar shall suggest remedial action to Government to restructure the activities, if necessary, based on the report of inspection.".

45. *Amendment of section 76*.—In section 76 of the principal Act, after the words, figures and bracket “sub-section (2) of section 68”, the words, figures and letter “or every order of the Ombudsman, provided under section 69A, or an order” shall be inserted.

46. *Amendment of section 80*.—In section 80 of the principal Act,—

(i) in sub-section (3), the following sentence shall be added at the end, namely:—

“The appointment shall be regularised only after verifying his/her character and antecedents on subsequent police verification, as may be prescribed.”.

(ii) in sub-section (3A),—

(a) after the words “servants of the societies”, the words “except the chief executive of the societies” shall be inserted;

(b) the following sentence shall be added at the end, namely:—

“The appointment of Chief Executive of apex societies shall be made by the Government after fixing qualifications.”.

(iii) in sub-section (5),—

(a) for the words "three percent", the words “four per cent” shall be substituted;

(b) in the proviso, for the words “thirty three”, the words “twenty five” shall be substituted.

47. *Amendment of section 80A*.—In section 80A of the principal Act, in sub-section (1), after the words “of this Act”, the words “and for the employees of Co-operative Unions in the State” shall be inserted.

48. *Amendment of section 80B*.—In section 80B of the principal Act, for sub-section (1), the following shall be substituted, namely:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"(1) Notwithstanding anything contained in this Act or the rules made thereunder or in the bye-laws of any society relating to the recruitment of officers and servants thereof, but subject to section 80BB, the Government shall, by notification in the Gazette, constitute a Co-operative Examination Board for the conduct of written examination for all direct recruitment to the posts of and above the category of Junior Clerks in all co-operative societies, Boards and other institutions under the control of the Registrar:

Provided that the Registrar may, taking into consideration the financial capacity and viability of such society, exempt any society or class of societies from the provisions of this sub-section, in the manner as may be prescribed.".

49. *Amendment of section 88*.—In section 88 of the principal Act, for clause (e) of sub-section (1), the following clause shall be substituted, namely:—

"(e) the Assistant Director of Co-operative Audit having jurisdiction over the circle, *ex-officio*;".

50. *Amendment of section 88B*.—In clause (iii) of section 88B of the principal Act, after the words "an officer", the words "or an administrator or an administrative committee consisting of not more than three persons, one among them shall be the convenor" shall be inserted.

51. *Amendment of section 89*.—In section 89 of the principal Act, in sub-section (4),—

(i) in clause (d), for the word, letter and bracket "clause (c)", the word, letter and bracket "clause (b)" shall be substituted.

(ii) in clause (e), for the word, letter and bracket "clause (d)", the word, letter and bracket "clause (c)" shall be substituted.

(iii) in clause (f), for the word, letter and bracket "clause (e)", the word, letter and bracket "clause (d)" shall be substituted.

52. *Amendment of section 89B*.—In clause (iii) of section 89B of the principal Act, after the words "Co-operative Department", the words "not below the rank of Additional Registrar or an administrator or an administrative committee consisting of three persons, one among them shall be the Convenor" shall be inserted.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

53. *Amendment of section 91*.—In section 91 of the principal Act, in clause (c) of sub-section (1), before the words "to spread", the words "to establish educational institutions and" shall be inserted.

54. *Amendment of section 94*.—In section 94 of the principal Act,—

(i) in sub-section (2), for the words "two thousand", the words "five thousand" shall be substituted.

(ii) in sub-section (3), for the words "two thousand", the words "five thousand" shall be substituted.

(iii) in sub-section (4), for the words "five thousand", the words "ten thousand" shall be substituted.

(iv) in sub-section (4A), for the words "five thousand", the words "ten thousand" shall be substituted.

(v) in sub-section (4B), for the words "one thousand", the words "five thousand" shall be substituted.

(vi) in sub-section (5), in clause (b), for the words "five thousand", the words "ten thousand" shall be substituted.

(vii) in sub-section (6), for the words "five thousand", the words "ten thousand" shall be substituted.

(viii) in sub-section (7), for the words "five thousand", the words "ten thousand" shall be substituted.

(ix) after sub-section (7), the following shall be added as sub-section (7A), namely:—

"(7A) Any Chief Executive and the Committee of the Co-operative society who contravenes the provisions of sub-section (3) of section 59 shall be punishable with fine which may extend to ten thousand rupees.".

(x) in sub-section (10), for the brackets, figures, symbols and word "(6) and (7)", the brackets, figures, symbol, word and letter "(6), (7) and (7A)" shall be substituted.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

55. *Amendment of section 95.*—In sub-section (4) of section 95 of the principal Act, for the brackets, figures, symbols and word "(2), (3), (4), (5), (6) and (7)", the brackets, figures, symbols, word and letter "(2), (3), (4), (5), (6), (7) and (7A)" shall be substituted.

56. *Insertion of new section 106A*.—In the principal Act, after section 106, the following section shall be inserted, namely: —

"106A. *Power to remove difficulties*.—(1) If any difficulty arises in giving effect to the provisions of this Act, as amended by the Kerala Co-operative Societies (Amendment) Act, 2023, the State Government may, by general or special order published in the Official Gazette, make such provisions not inconsistent with the provisions of this Act as which appear it to be necessary or expedient for removing the difficulty:

Provided that no such order shall be made after the expiry of a period of two years from the commencement of the Kerala Co-operative Societies (Amendment) Act, 2023.

(2) Every order made under this section shall be laid, as soon as may be after it is made, before the Legislative Assembly.".

57. *Amendment of Schedule I*.—In the Schedule I of the principal Act, after serial number 15, the following serial numbers and entries shall be added, namely:—

"16. Kerala State Women Co-operative Federation Limited (VANITHAFED).

17. Kerala State Co-operative Tourism Federation Limited (TOURFED).

18. Kerala State Labour Co-operative Federation Limited (LABOURFED).

19. Kerala State Co-operative Hospital Federation Limited (HOSPITALFED).".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# കേരള സർക്കാർ

<u>നിയമ (നിയമനിർമ്മാണം-എച്ച്) വകുപ്പ്</u>

## വിജ്ഞാപനം

നമ്പർ 142/ലെഗ്.എച്ച്2/2022/നിയമം.

*തിരുവനന്തപുരം, 2024 ജൂൺ 7*
*1199 ഇടവം 24*
*1946 ജ്യേഷ്ഠം 17.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2024 ഏപ്രിൽ 26-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജി. സനൽ കുമാർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2024-ലെ 9-ാം ആക്റ്റ്

## 2023-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ്

1969-ലെ കേരള സഹകരണ സംഘ ആക്റ്റ്
വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1969-ലെ കേരള സഹകരണ സംഘ ആക്റ്റ് (1969-ലെ 21-ാം ആക്റ്റ്) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2023-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1969-ലെ കേരള സഹകരണ സംഘ ആക്റ്റിന്റെ (1969-ലെ 21-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) (എബി) ഖണ്ഡത്തിൽ താഴെപ്പറയുന്ന വാചകം അവസാന ഭാഗത്തായി കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"അക്കൗണ്ടുകൾ കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ കാര്യത്തിൽ, അക്കൗണ്ടുകളുടെ സോഫ്റ്റ്‌വെയർ സൊല്യൂഷൻസ് മുഖേനയുള്ള ഒത്തുനോക്കലും ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ആഡിറ്റ് ചെയ്യലും ഡാറ്റാ മൈഗ്രേഷനും ഇതിൽ ഉൾപ്പെടുന്നു.".

(ii) (എസി) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"(എഡി) "അഡ്മിനിസ്ട്രേറ്റീവ് ആഡിറ്റ്" എന്നാൽ സംഘത്തിന്റെ രൂപീകരണം, നടത്തിപ്പും സ്ഥാപനവും, ബുക്കുകളുടെയും അക്കൗണ്ടുകളുടെയും മറ്റ് രേഖകളുടെയും സൂക്ഷിക്കൽ, ആഭ്യന്തര നിയന്ത്രണ സംവിധാനം ഉൾപ്പെടെയുള്ള സംഘത്തിന്റെ എല്ലാ കാര്യങ്ങളും, സഹകരണ തത്വങ്ങൾക്കനുസരിച്ച് അംഗങ്ങളുടെ സാമ്പത്തിക ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിന് അതിന്റെ പ്രവർത്തനങ്ങൾ എത്രത്തോളം ഉപയോഗപ്രദമായിരുന്നു എന്നതിന്റെയും സസൂക്ഷ്മമായ വിലയിരുത്തൽ എന്നർത്ഥമാകുന്നതും ഇതിൽ കംപ്ലയൻസ് ആഡിറ്റും പെർഫോർമൻസ് ആഡിറ്റും ഐ.റ്റി. ആഡിറ്റും ഉൾപ്പെടുന്നതുമാകുന്നു;".

(iii) (ഡിഎ) ഖണ്ഡത്തിനു ശേഷം, താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ഡിബി) "പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള പൊതു സോഫ്റ്റ്‌വെയർ" എന്നാൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ മുഴുവൻ ദൈനംദിന പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന, ഒരു കേന്ദ്രീകൃത രൂപകൽപ്പനയിലൂടെയുള്ള, ഫലപ്രദമായ ഒരു സോഫ്റ്റ്‌വെയർ സൊല്യൂഷൻ എന്ന് അർത്ഥമാകുന്നു.

(ഡിസി) "കൺസോർഷ്യം" എന്നാൽ പൊതു ആവശ്യത്തിനായി ധനസഹായം ലഭ്യമാക്കുന്നതിനുള്ള ഫണ്ട് സ്വരൂപിക്കുന്നതിനു വേണ്ടി ഒരു പുതിയ സ്ഥാപനം ഉണ്ടാക്കുക എന്ന പൊതു ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെ, രൂപീകൃതമായ സഹകരണ സംഘങ്ങളുടെ ഒരു ഔപചാരിക കൂട്ടായ്മ എന്നർത്ഥമാകുന്നു;".

(iv) (ഐബി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഐബി) "ഫെഡറൽ സഹകരണ സംഘം" എന്നാൽ അതിന്റെ പ്രവർത്തന മേഖലയായി ഒന്നിൽ കൂടുതൽ ജില്ലകളുള്ളതും സംസ്ഥാന സർക്കാരോ വ്യക്തികളോ മറ്റ് സഹകരണ സംഘങ്ങളോ അതിന്റെ അംഗങ്ങളായിട്ടുള്ളതുമായ ഒരു സഹകരണ സംഘം എന്നർത്ഥമാകുന്നു. എന്നാൽ, സംഘത്തിലെ വ്യക്തിഗത അംഗങ്ങളുടെ എണ്ണം സംഘത്തിന്റെ മൊത്തം അംഗസംഖ്യയുടെ ഇരുപത്തിയഞ്ച് ശതമാനത്തിൽ അധികരിക്കാൻ പാടുള്ളതല്ല:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ, വ്യക്തിഗത അംഗങ്ങളുടെ എണ്ണം സംബന്ധിച്ചുള്ള വ്യവസ്ഥ 2023-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് നിലവിലുണ്ടായിരുന്ന സംഘങ്ങൾക്ക് ബാധകമാകുന്നതല്ല;".

(v) (ഒഎഎ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഒഎഎ) "പ്രാഥമിക കാർഷിക വായ്പാ സംഘം" എന്നാൽ, കാർഷിക ആവശ്യങ്ങൾക്കോ അനുബന്ധ കാർഷിക പ്രവർത്തനങ്ങൾക്കോ വേണ്ടി അതിന്റെ അംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്നത് പ്രാഥമിക ലക്ഷ്യമോ പ്രധാന ബിസിനസ്സോ ആയിട്ടുള്ളതും, പ്രവർത്തന മേഖല ഒരു വില്ലേജിലോ, പഞ്ചായത്തിലോ, മുനിസിപ്പാലിറ്റിയിലോ ആയി പരിമിതപ്പെടുത്തിയിട്ടുള്ളതുമായ ഒരു സർവ്വീസ് സഹകരണ സംഘം, സർവ്വീസ് സഹകരണ ബാങ്ക്, ഒരു കാർഷിക സർവ്വീസ് സഹകരണ ബാങ്ക് അല്ലെങ്കിൽ ഒരു ഗ്രാമീണ ബാങ്ക് എന്നർത്ഥമാകുന്നതും അത്തരം വായ്പകളുടെയും അഡ്വാൻസുകളുടെയും പലിശ നിരക്കും പ്രവർത്തന മേഖലയും രജിസ്ട്രാർ നിശ്ചയിച്ച പ്രകാരമായിരിക്കുന്നതുമാണ്:

എന്നാൽ, പ്രവർത്തന മേഖലയെ സംബന്ധിച്ചുള്ള നിയന്ത്രണം 2000 ജനുവരി 1-ന് നിലവിലുണ്ടായിരുന്ന സംഘങ്ങൾക്കോ ബാങ്കുകൾക്കോ ബാധകമാകുന്നതല്ല.".

(vi) (ഒബി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഒബി) "പ്രാഥമിക വായ്പാ സംഘം" എന്നാൽ അതിന്റെ അംഗങ്ങൾക്ക് കടം നൽകുന്നതിനും നിക്ഷേപത്തിനും വേണ്ടി അതിന്റെ അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുക എന്നത് അതിന്റെ പ്രാഥമിക ലക്ഷ്യമോ പ്രധാന ബിസിനസ്സോ ആയതും അതിന്റെ ഉപനിയമങ്ങൾ പ്രകാരം മറ്റ് സഹകരണ സംഘങ്ങളെ അതിന്റെ അംഗങ്ങളാക്കാൻ അനുവദിക്കാത്തതുമായ പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘം ഒഴികെയുള്ള സഹകരണ സംഘം എന്നർത്ഥമാകുന്നു;".

(vii) (ഒഡി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"(ഒഡി) "പ്രാഥമിക സഹകരണ സംഘം" എന്നാൽ സംസ്ഥാനത്തെ ഒരു റവന്യൂ ജില്ലയിലോ ഒന്നിലധികം ജില്ലകളിലോപെടുന്ന, ഏതെങ്കിലും വിനിർദ്ദേശിക്കപ്പെട്ട പ്രദേശത്ത് അധികാരിത ഉള്ളതും വ്യക്തികളും, മറ്റ് സംഘങ്ങളും, സംസ്ഥാന സർക്കാരും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതിന്റെ അംഗങ്ങളായിട്ടുള്ളതുമായ ഒരു സംഘം എന്നർത്ഥമാകുന്നു;".

(viii) (പി) ഖണ്ഡത്തിൽ "ഏതൊരു ആളും" എന്നീ വാക്കുകൾക്കു പകരം "സംസ്ഥാന സർക്കാരിന്റെ മറ്റേതൊരു ഉദ്യോഗസ്ഥനും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ix) (ക്യുബി) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ക്യുബിഎ) "സാമൂഹ്യ സഹകരണ സംഘങ്ങൾ" എന്നാൽ ഭിന്നശേഷിക്കാർ, പ്രായമായവർ, ട്രാൻസ്ജെന്ററുകൾ, വിഷാദം ബാധിച്ച ആളുകൾ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ പോലുള്ള സാമൂഹിക വിഭാഗങ്ങളുടെ ക്ഷേമത്തിനു വേണ്ടി രൂപീകരിച്ച പ്രാഥമിക സഹകരണ സംഘങ്ങൾ എന്നർത്ഥമാകുന്നു;".

(x) (ആർഎ) ഖണ്ഡത്തിൽ, "സംസ്ഥാന സഹകരണ കാർഷിക-ഗ്രാമീണ വികസന ബാങ്ക്" എന്നീ വാക്കുകൾക്കു മുമ്പായി "കേരള" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(xi) (യു) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(വി) "യുവജന സഹകരണ സംഘങ്ങൾ" എന്നാൽ ഒരു ജില്ലയ്ക്കകത്ത് പ്രവർത്തനപരിധിയുള്ളതും തൊഴിലവസരവും വരുമാനവും സൃഷ്ടിക്കൽ, യുവജനക്ഷേമം എന്നീ ലക്ഷ്യങ്ങളോടെ സംരഭകത്വം, പുതിയ സാങ്കേതികവിദ്യ, നൂതന വിദ്യകൾ, സ്റ്റാർട്ട്-അപ്പുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുമായി രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ എന്നർത്ഥമാകുന്നു.".

3. <u>3-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ,—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(i) (1)-ാം ഉപവകുപ്പിൽ “ഒരു വ്യക്തിയെ” എന്നീ വാക്കുകൾക്കു പകരം “സംസ്ഥാന സർക്കാരിന്റെ ഒരു ഓഫീസറെ” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (2)-ാം ഉപവകുപ്പിൽ “ഏതൊരാൾക്കും” എന്ന വാക്കിനു പകരം “സംസ്ഥാന സർക്കാരിന്റെ ഏതൊരു ഓഫീസർക്കും” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

4. 7-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ,—

(എ) (ഡി) ഖണ്ഡത്തിൽ “ചട്ടങ്ങൾ” എന്ന വാക്കിനും ചിഹ്നത്തിനും ശേഷം വരുന്ന “ആന്റ്” എന്ന വാക്ക് നീക്കം ചെയ്യേണ്ടതാണ്;

(ബി) (ഇ) ഖണ്ഡത്തിൽ, “രജിസ്ട്രാർക്ക് ബോദ്ധ്യമായാൽ അദ്ദേഹത്തിന് അപേക്ഷ സ്വീകരിച്ച തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനകം ആ സംഘവും അതിന്റെ ഉപനിയമങ്ങളും രജിസ്റ്റർ ചെയ്യാവുന്നതാണ്.” എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം “; കൂടാതെ” എന്ന ചിഹ്നവും വാക്കും ചേർക്കേണ്ടതാണ്;

(സി) (ഇ) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

“(എഫ്) ഏറ്റവും കുറഞ്ഞ ഓഹരി മൂലധനമായി നിർദ്ദിഷ്ട വായ്പാ സംഘങ്ങൾ രണ്ടു ലക്ഷത്തി അൻപതിനായിരം രൂപ സമാഹരിച്ചെന്നും വായ്പേതര സഹകരണ സംഘങ്ങൾ ഒരു ലക്ഷം രൂപ സമാഹരിച്ചെന്നും;

രജിസ്ട്രാർക്ക് ബോദ്ധ്യമായാൽ അദ്ദേഹത്തിന് അപേക്ഷ സ്വീകരിച്ച തീയതി മുതൽ അറുപത് ദിവസത്തിനകം ആ സംഘവും അതിന്റെ ഉപനിയമങ്ങളും രജിസ്റ്റർ ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ഖണ്ഡത്തിലെ ഏറ്റവും കുറഞ്ഞ ഓഹരി മൂലധനം സംബന്ധിച്ച വ്യവസ്ഥ പട്ടിക ജാതികൾ/പട്ടിക വർഗ്ഗങ്ങൾ, മത്സ്യബന്ധനം, വനിത, ട്രാൻസ്ജെന്ററുകൾ, പ്രാഥമിക ആനന്ദ് മാതൃകാ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ, സ്കൂളുകൾ, കോളേജുകൾ, പരമ്പരാഗത വ്യാവസായിക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ബാധകമാകുന്നതല്ല.”.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) (2)-ാം ഉപവകുപ്പിൽ "ഏഴ് ദിവസത്തിനകം" എന്നീ വാക്കുകൾക്കു പകരം "പതിനഞ്ച് ദിവസത്തിനകം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(iii) (3)-ാം ഉപവകുപ്പിൽ "തൊണ്ണൂറ് ദിവസത്തിനകം" എന്നീ വാക്കുകൾക്കു പകരം "അറുപത് ദിവസത്തിനകം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

5. <u>8എ വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 8എ വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ "അറുപത് ദിവസത്തിനുള്ളിൽ" എന്നീ വാക്കുകൾ എവിടെയൊക്കെയാണോ വരുന്നത് അവിടെയെല്ലാം "നാൽപ്പത്തിയഞ്ച് ദിവസത്തിനുള്ളിൽ" എന്നീ വാക്കുകൾ പകരം ചേർക്കേണ്ടതാണ്.

6. <u>14-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിൽ,—

(i) 14-ാം വകുപ്പിന്റെ മാർജിനൽ ശീർഷകത്തിൽ "കൂട്ടിച്ചേർക്കുകയും" എന്ന വാക്കിന് ശേഷം "ലയിക്കുകയും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (1)-ാം ഉപവകുപ്പിൽ,—

(എ) "സംഘത്തിന്," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അംഗീകാരത്തോടു കൂടിയും," എന്നീ വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(ബി) "മൂന്നിൽ രണ്ടു ഭാഗത്തിന്റെ" എന്നീ വാക്കുകൾക്കു പകരം "കേവല" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(iii) (2)-ാം ഉപവകുപ്പിൽ, "സംഘങ്ങൾക്ക്," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അംഗീകാരത്തോടു കൂടിയും," എന്നീ വാക്കുകളും ചിഹ്നവും ചേർക്കേണ്ടതും "മൂന്നിൽ രണ്ടു ഭാഗത്തിന്റെ" എന്നീ വാക്കുകൾക്കു പകരം "കേവല" എന്ന വാക്ക് ചേർക്കേണ്ടതുമാണ്.

(iv) (2)-ാം ഉപവകുപ്പിനു ശേഷം (2എ) ഉപവകുപ്പായി താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്,—

"(2എ) നിലവിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ചട്ടങ്ങളിലോ ഏതൊരു സംഘത്തിന്റെയും ഉപനിയമങ്ങളിലോ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും അങ്ങനെയുള്ള സംഘത്തിന്റെ ജനറൽ ബോഡി യോഗത്തിൽ കേവല ഭൂരിപക്ഷത്തിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രമേയം പാസ്സാക്കി ഒന്നോ അതിലധികമോ സംഘങ്ങൾക്ക് മറ്റ് ഏതെങ്കിലും സംഘവുമായി ലയിക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ലയനം നടപ്പിലാക്കുന്നതിന് മുമ്പ്, പ്രമേയം പാസ്സാക്കിക്കൊണ്ട് ഏതൊരു സംഘവുമായാണോ ലയനത്തിൽ ഏർപ്പെടേണ്ടത് ആ സംഘം അതിന്റെ ജനറൽ ബോഡി യോഗത്തിൽ കേവല ഭൂരിപക്ഷത്തോടെ പാസ്സാക്കിയ ഒരു പ്രമേയത്തിലൂടെ അത്തരം ലയനത്തിന് അംഗീകാരം നൽകേണ്ടതാണ്.".

(v) (3)-ാം ഉപവകുപ്പിൽ, "(2)-ാം ഉപവകുപ്പോ" എന്ന ചിഹ്നത്തിനും അക്കത്തിനും വാക്കിനും പകരം "(2)-ാം ഉപവകുപ്പോ അല്ലെങ്കിൽ (2എ) ഉപവകുപ്പോ" എന്ന ചിഹ്നങ്ങളും അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതും "കൈമാറ്റമോ, വിഭജനമോ, കൂട്ടിച്ചേർക്കലോ" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "കൂട്ടിച്ചേർക്കലോ, ലയനമോ, കൈമാറ്റമോ അല്ലെങ്കിൽ വിഭജനമോ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതുമാണ്.

(vi) (7)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(8) (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ അല്ലെങ്കിൽ (2എ) ഉപവകുപ്പോ പ്രകാരം പ്രസ്തുത സംഘങ്ങൾ തയ്യാറാക്കിയതും രജിസ്ട്രാർ അംഗീകരിച്ചതുമായ ആസ്തികളും ബാദ്ധ്യതകളും കൈമാറുന്നതിനുള്ള വിശദമായ പദ്ധതിയും ലയന പദ്ധതിയും, അതതു സംഗതിപോലെ, രജിസ്ട്രാറും സംഘങ്ങളും പ്രസിദ്ധീകരിക്കേണ്ടതാണ്.".

7. <u>14എഎ വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 14എഎ വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(2എ) അനുബന്ധ സ്ഥാപനങ്ങളിലേയ്ക്കുള്ള ഓഹരിമൂലധന വിഹിതമോ സാമ്പത്തിക സഹായമോ 56-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സംഘത്തിന്റെ മിച്ച അറ്റാദായത്തിൽ നിന്നും വഹിക്കേണ്ടതും അനുബന്ധ സ്ഥാപനങ്ങളിലേയ്ക്കുള്ള ഓഹരി മൂലധനം ഒഴികെയുള്ള ഏതൊരു തുടർ നിക്ഷേപവും,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

രജിസ്ട്രാർ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി സംഘം/ബാങ്കിൽ നിന്നും വായ്പയായി അനുവദിച്ചു നൽകേണ്ടതാണ്.

(2ബി) സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം സ്വീകരിച്ച ഏതൊരു സംഘവും/ബാങ്കും അനുബന്ധസ്ഥാപനങ്ങളിലെ ഡയറക്ടർ ബോർഡിൽ കേരള സർക്കാരിന്റെ നോമിനികളെ, നിർണ്ണയിക്കപ്പെട്ട പ്രകാരം, ഉൾപ്പെടുത്തേണ്ടതാണ്.

(2സി) രജിസ്ട്രാർ, അനുബന്ധസ്ഥാപനങ്ങളുടെ ആഡിറ്റ്, രേഖകളുടെ പരിശോധനയും ഒത്തുനോക്കലും നിർണ്ണയിക്കപ്പെട്ട പ്രകാരം, നടത്തേണ്ടതാണ്;

(2ഡി) അനുബന്ധസ്ഥാപനങ്ങൾക്ക് സംഘം/ബാങ്കിൽ നിന്നും ഏതെങ്കിലും ഓഹരി മൂലധന വിഹിതമോ സാമ്പത്തിക സഹായമോ നൽകുന്നത്, ബന്ധപ്പെട്ട സംഘം/ബാങ്കിന്റെ പൊതുയോഗം പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാറുടെ മുൻകൂർ അംഗീകാരത്തോടെ ആയിരിക്കേണ്ടതാണ്.

(2ഇ) സംഘം അതിന്റെ അനുബന്ധസ്ഥാപനങ്ങൾക്ക് ഫണ്ട് കൈമാറുന്നതും ആസ്തികൾ പണയപ്പെടുത്തുന്നതും പ്രസ്തുത സംഘം/ബാങ്കിന്റെ പൊതുയോഗം പാസ്സാക്കുന്ന പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ ആയിരിക്കേണ്ടതാണ്.".

(ii) നിലവിലുള്ള (3)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) ഈ വകുപ്പിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 2023-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിനോ അതിനുശേഷമോ യാതൊരു അനുബന്ധസ്ഥാപനത്തെയും ഈ വകുപ്പ് പ്രകാരം പ്രോത്സാഹിപ്പിക്കാൻ പാടില്ലാത്തതും എന്നാൽ, 2023-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിനു തൊട്ടുമുൻപ് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന നിലവിലുള്ള അനുബന്ധസ്ഥാപനങ്ങൾ മുൻപറഞ്ഞ (1) മുതൽ (3) വരെയുള്ള ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി നിർണ്ണയിക്കപ്പെട്ട പ്രകാരം അതിന്റെ പ്രവർത്തനം തുടരേണ്ടതുമാണ്.".

8. 14ബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 14ബി വകുപ്പിൽ,—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(i) നിലവിലെ (1)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1എ) സഹകരണ സംഘങ്ങളുടെ അത്തരം പങ്കാളിത്ത രൂപീകരണത്തിന് വേണ്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് ബന്ധപ്പെട്ട സംഘങ്ങൾ തയ്യാറാക്കേണ്ടതും ആയത്, അംഗീകാരത്തിനായി, അങ്ങനെയുള്ള സംഘങ്ങളുടെ പൊതുയോഗങ്ങളിൽ സമർപ്പിക്കേണ്ടതുമാണ്.

(1ബി) സഹകരണ സംഘങ്ങളുടെ അത്തരം പങ്കാളിത്ത രൂപീകരണം അംഗീകരിക്കുന്നതിനായി, സഹകരണ സംഘത്തിന്റെ പൊതുയോഗങ്ങൾ അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ട് നിർണ്ണയിക്കപ്പെട്ട പ്രകാരം, രജിസ്ട്രാർ മുഖേന, സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(1സി) രജിസ്ട്രാർ, അങ്ങനെയുള്ള സംഘങ്ങളുടെ ആഡിറ്റ്, രേഖകളുടെ പരിശോധനയും ഒത്തുനോക്കലും നിർണ്ണയിക്കപ്പെട്ട പ്രകാരം നടത്തേണ്ടതാണ്.

(1ഡി) അത്തരം പങ്കാളിത്തത്തിന് പണം സമാഹരിക്കുന്ന സംഗതിയിൽ, സഹകരണ സംഘങ്ങളുടെ പങ്കാളിത്തം, നിർണ്ണയിക്കപ്പെടുന്ന പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്.".

9. <u>15-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 15-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) 14-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഒന്നോ അതിലധികമോ സംഘങ്ങൾ മറ്റൊരു സംഘവുമായി ലയിക്കുമ്പോൾ ലയനത്തിൽ ഏർപ്പെട്ട ഓരോ സംഘത്തിന്റെയും രജിസ്ട്രേഷൻ റദ്ദാകുന്നതും അത് പിരിച്ചുവിട്ടതായി കരുതപ്പെടേണ്ടതും ഒരു കോർപ്പറേറ്റ് നികായം അല്ലാതായി തീരുന്നതുമാണ്.".

10. <u>16-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 16-ാം വകുപ്പിൽ, നിലവിലെ (1)-ാം ഉപവകുപ്പിന്റെ (എ) ഖണ്ഡത്തിലെ (i) ഇനത്തിന്റെ നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്കു ശേഷം, താഴെപ്പറയുന്ന ഇനവും ക്ലിപ്തനിബന്ധനയും ചേർക്കേണ്ടതാണ്, അതായത്:—

"(iഎ) യുവജന സഹകരണ സംഘങ്ങളുടെ സംഗതിയിൽ, നാല്പത്തിയഞ്ച് വയസ്സ് പൂർത്തിയാകാത്ത വ്യക്തി:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ, നാല്പത്തിയഞ്ച് വയസ്സ് പൂർത്തിയാകുമ്പോൾ അങ്ങനെയുള്ള അംഗങ്ങളുടെ അംഗത്വം നിലവിലില്ലാതാകുന്നതും അവർ സംഘത്തിന്റെ അസോസിയേറ്റ് അംഗം ആകുന്നതുമാണ്.".

11. 18-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 18-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് താഴെപ്പറയും പ്രകാരം ചേർക്കേണ്ടതാണ്, അതായത്:—

"(3) ഈ വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ, ഒരു നാമമാത്ര അല്ലെങ്കിൽ അസോസിയേറ്റ് അംഗത്തിന്റെ അങ്ങനെയുള്ള വിശേഷാവകാശങ്ങളും, അവകാശങ്ങളും ഉണ്ടായിരിക്കുന്നതും സംഘങ്ങൾ നൽകുന്ന വായ്പാ സൗകര്യങ്ങളും ഉൾപ്പടെയുള്ള വിവിധ സേവനങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതും പ്രസ്തുത സംഘത്തിന്റെ ഉപനിയമങ്ങളിൽ വിനിർദ്ദേശിക്കുന്ന പ്രകാരം ഒരംഗത്തിന്റെ അങ്ങനെയുള്ള ബാദ്ധ്യതകൾക്ക് വിധേയനായിരിക്കുന്നതുമാണ്.".

12. 19-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 19-ാം വകുപ്പിൽ,—

(i) നിലവിലുള്ള വകുപ്പിനെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതാണ്;

(ii) അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) ഒരു സംഘത്തിന്റെ പൊതുയോഗം ഓഹരി മൂല്യം ഉയർത്താൻ തീരുമാനിച്ചാൽ, ഒരു അംഗത്തിന് അംഗത്വത്തിൽ തുടരാനുള്ള അവകാശം ഓഹരി മൂല്യം ഉയർത്തിയ തീയതി മുതൽ അഞ്ച് വർഷ കാലയളവിലേയ്ക്ക് ഉണ്ടായിരിക്കുന്നതും എന്നാൽ, കൈവശമുള്ള ഓഹരികളുടെ ഉയർത്തിയ മൂല്യം ഒടുക്കുന്ന മുറയ്ക്ക് മാത്രം ഒരു അംഗമെന്ന നിലയിലുള്ള അയാളുടെ അവകാശങ്ങൾ വിനിയോഗിക്കാൻ അനുവദിക്കേണ്ടതുമാണ്.".

13. 19ബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 19ബി വകുപ്പിൽ,—

(i) (ഇ) ഖണ്ഡത്തിൽ "ആന്റ്" എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

(ii) (എഫ്) ഖണ്ഡത്തിൽ, "." എന്ന ചിഹ്നത്തിനു പകരം "; കൂടാതെ" എന്ന ചിഹ്നവും വാക്കും ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) (എഫ്) ഖണ്ഡത്തിനു ശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ജി) പ്രസ്തുത സംഘത്തിന്റെ കമ്മിറ്റിയും പൊതുയോഗവും അംഗീകരിച്ച തിരുത്തൽ റിപ്പോർട്ടിനോടൊപ്പം ഏറ്റവും പുതിയ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പോരായ്മകളുടെ സംഗ്രഹവും;".

14. <u>20-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 20-ാം വകുപ്പിൽ, (ഡി) ഖണ്ഡത്തിൽ "തെരഞ്ഞെടുക്കുന്നതിൽ" എന്ന വാക്കിനു പകരം "തെരഞ്ഞെടുക്കുന്നതിലും നീക്കം ചെയ്യുന്നതിലും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

15. <u>22-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 22-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ, നിലവിലെ ക്ലിപ്തനിബന്ധനയ്ക്കു ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ലൈസൻസുള്ള ഒരു അർബൻ സഹകരണ ബാങ്കിൽ, ഒരു വ്യക്തിഗത അംഗത്തിന് കൈവശം വയ്ക്കാവുന്ന പരമാവധി ഓഹരി മൂലധന തുക, ബാങ്കിന്റെ ആകെ അടച്ചുതീർത്ത ഓഹരി മൂലധന മൂല്യത്തിന്റെ അഞ്ച് ശതമാനമായി നിജപ്പെടുത്തിയിട്ടുള്ളതാണ്.".

16. <u>26-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 26-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡത്തിൽ, "രണ്ടു" എന്ന വാക്കിന് പകരം "മൂന്ന്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

17. <u>28-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 28-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന്റെ മൂന്നാം ക്ലിപ്തനിബന്ധനയിൽ,—

(എ) "സംഘങ്ങളിലെ കമ്മിറ്റികളിലേയ്ക്കുള്ള" എന്നീ വാക്കുകൾക്ക് പകരം "എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെയും എല്ലാ പ്രാഥമിക സംഘങ്ങളിലെയും കമ്മിറ്റികളിലേയ്ക്കുള്ള" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "ഏതെങ്കിലും സംഘത്തിന്റെ" എന്നീ വാക്കുകൾക്ക് പകരം "അത്തരം സംഘത്തിന്റെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) (1എ) ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനകൾ ഒഴിവാക്കേണ്ടതാണ്.

(iii) (1സി) ഉപവകുപ്പിൽ, "പതിനായിരവും" എന്ന വാക്കിന് പകരം "ഇരുപത്തയ്യായിരവും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(iv) (1സി) ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1സിഎ) ആക്റ്റിലോ ചട്ടങ്ങളിലോ സംഘത്തിന്റെ ഉപനിയമങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഓരോ സംഘത്തിന്റെയും കമ്മിറ്റികളിലെ രണ്ടു സീറ്റുകൾ തെരഞ്ഞെടുപ്പിന് നാമനിർദ്ദേശം ഫയൽ ചെയ്യുന്ന തീയതിയിൽ നാല്പത് വയസ്സ് അധികരിക്കാത്ത അംഗങ്ങൾക്കായി സംവരണം ചെയ്യേണ്ടതും അതിൽ ഒരെണ്ണം സംവരണേതര വിഭാഗത്തിൽ നിന്നും മറ്റൊന്ന് 28എ വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വനിതാ സംവരണ വിഭാഗത്തിൽ നിന്നും ആയിരിക്കേണ്ടതുമാണ്.".

(v) (1ഇ) ഉപവകുപ്പിലെ (iii)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(iii) അത്തരം വിഭജനം രജിസ്ട്രാർ വിഭജന ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ ഒരു വർഷത്തിനകം പൂർത്തിയാക്കേണ്ടതാണ്.".

(vi) (1ജി) ഉപവകുപ്പിന് പകരം താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"(1ജി) ഒരു സംഘത്തിന്റെ ഉപനിയമങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അധികാരത്തിലുള്ള കമ്മിറ്റി, ഒരു വാണിജ്യ ബാങ്കിലോ കേരള സംസ്ഥാന സഹകരണ ബാങ്കിലോ ഒരു അർബൻ സഹകരണ ബാങ്കിലോ കേരള സംസ്ഥാന കാർഷിക ഗ്രാമീണ വികസന ബാങ്കിലോ ഒരു പ്രാഥമിക സഹകരണ കാർഷിക ഗ്രാമീണവികസന ബാങ്കിലോ മുൻ ജില്ലാ സഹകരണ ബാങ്കിലോ പെയ്ഡ് സർവ്വീസിൽ ഉള്ളതോ ഉണ്ടായിരുന്നതോ അല്ലെങ്കിൽ ഒരു സർവ്വീസ് സഹകരണ ബാങ്കിൽ മാനേജർ കേഡറിലോ അല്ലെങ്കിൽ സഹകരണം/സഹകരണ മാനേജ്മെന്റ്, മാനേജ്മെന്റ്, കൃഷി, സാമ്പത്തിക ശാസ്ത്രം, വാണിജ്യം, പബ്ലിക് ഫിനാൻസ്, നിയമം, ഗ്രാമവികസനം, വിവരസാങ്കേതികവിദ്യ എന്നിവയിൽ വൈദഗ്ധ്യമുള്ള രണ്ട് വ്യക്തികൾ അല്ലെങ്കിൽ പ്രതിനിധികളെ സംഘത്തിന്റെ കമ്മിറ്റിയിൽ അംഗങ്ങളായി കോ-ഓപ്റ്റ് ചെയ്യേണ്ടതാണ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ, അപ്രകാരം കോ-ഓപ്റ്റ് ചെയ്യപ്പെട്ട അംഗങ്ങളുടെ എണ്ണം (1എ) ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള പരമാവധി പരിധിയ്ക്ക് പുറമെ രണ്ടിൽ അധികരിക്കാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, അപ്രകാരം കോ-ഓപ്റ്റ് ചെയ്യപ്പെട്ട അംഗങ്ങൾക്ക്, സഹകരണ സംഘത്തിലെ ഏതൊരു തെരഞ്ഞെടുപ്പിലും അങ്ങനെയുള്ള അംഗങ്ങളെന്ന നിലയിൽ വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതും ബോർഡിന്റെ ഔദ്യോഗിക ഭാരവാഹിയായി തെരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ടായിരിക്കുന്നതുമല്ല:

എന്നിരുന്നാലും, ഒരു സഹകരണ സംഘത്തിലെ അപ്രകാരം കോ-ഓപ്റ്റ് ചെയ്യപ്പെട്ട അംഗങ്ങൾ ബോർഡിലെ അംഗങ്ങൾ കൂടിയായിരിക്കുന്നതും (1എ) ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ആകെ ഡയറക്ടർമാരുടെ എണ്ണം കണക്കാക്കുന്ന ആവശ്യത്തിലേക്ക് അങ്ങനെയുള്ള അംഗങ്ങളെ ഒഴിവാക്കേണ്ടതുമാണ്:

കൂടാതെ, കമ്മിറ്റി രൂപീകരിച്ച തീയതി മുതൽ ആറ് മാസക്കാലയളവിനുള്ളിൽ, നിർദ്ദേശിച്ച പ്രകാരം ആളുകളെ കോ-ഓപ്റ്റ് ചെയ്യാത്തപക്ഷം സർക്കാരോ രജിസ്ട്രാറോ, അതതു സംഗതിപോലെ, നിർണ്ണയിക്കപ്പെട്ട പ്രകാരം മതിയായ നോട്ടീസ് നൽകികൊണ്ട് പ്രസ്തുത ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം അത്തരം നാമനിർദ്ദേശം ചെയ്യേണ്ടതാണ്.”.

(vii) (2)-ാം ഉപവകുപ്പിനു ശേഷം, താഴെപ്പറയുന്നവ (2എ) ഉപവകുപ്പായി ചേർക്കേണ്ടതാണ്, അതായത്:—

“(2എ) ആക്റ്റിലോ ചട്ടങ്ങളിലോ ഒരു വായ്പാസംഘത്തിന്റെ ഉപനിയമങ്ങളിലോ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു സംഘത്തിന്റെ കമ്മിറ്റിയിലെ യാതൊരു അംഗത്തിനും, കാലാവധി പൂർണ്ണമാണോ ഭാഗികമാണോ എന്നുള്ളത് പരിഗണിക്കാതെ, തുടർച്ചയായ മൂന്നിലധികം തവണ കമ്മിറ്റിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി, വായ്പാ സംഘം എന്നാൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ലിമിറ്റഡ്, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, പ്രാദേശിക സഹകരണ ബാങ്കുകൾ, ഗ്രാമീണ ബാങ്കുകൾ, കർഷക സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, കേരള സംസ്ഥാന സഹകരണ കാർഷിക-ഗ്രാമീണ വികസന ബാങ്ക് ലിമിറ്റഡ്,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രാഥമിക സഹകരണ കാർഷിക-ഗ്രാമീണ വികസന ബാങ്ക്, അർബൻ സഹകരണ സംഘങ്ങൾ, അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, എംപ്ലോയീസ് വായ്പാ സംഘങ്ങൾ, ഗ്രാമീണ സഹകരണ സംഘങ്ങൾ, പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ, കേരള സംസ്ഥാന ഹൗസിംഗ് ഫെഡറേഷൻ എന്ന് അർത്ഥമാകുന്നു.".

(viii) (3)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "ഒന്നിൽകൂടുതൽ സംഘത്തിന്റെ" എന്നീ വാക്കുകൾക്ക് പകരം "ഒന്നിൽ കൂടുതൽ സംഘത്തിന്റെയോ വ്യത്യസ്തങ്ങളായ രണ്ടിൽ കൂടുതൽ സംഘത്തിന്റെയോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

18. <u>28എബി വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 28<u>എബി</u> വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ, "കമ്മിറ്റിയിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥനെയോ" എന്നീ വാക്കുകൾക്കു ശേഷം "അല്ലെങ്കിൽ കമ്മിറ്റിയാൽ നിയമിക്കപ്പെട്ട സംഘത്തിന്റെ ഒരു പ്രതിനിധിയേയോ" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ്.

19. <u>28ബി വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 28<u>ബി</u> വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "സഹകരണസംഘങ്ങളിലേക്ക്" എന്ന വാക്കിന് പകരം "സഹകരണ സംഘങ്ങളിലേക്കും സംസ്ഥാന സഹകരണ യൂണിയനിലേയ്ക്കും സർക്കിൾ സഹകരണ യൂണിയനുകളിലേയ്ക്കും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) 28<u>ബി</u> വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ, "സർക്കാരിന്റെ സ്പെഷ്യൽ സെക്രട്ടറിയുടെ" എന്നീ വാക്കുകൾക്ക് പകരം "സർക്കാർ നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

20. <u>29-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 29-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ,—

(എ) (സിസി) ഖണ്ഡത്തിൽ, "കണക്കുകളുടെയും" എന്ന വാക്കിനു പകരം "ആഡിറ്റ് ചെയ്ത കണക്കുകളുടെയും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (സിഇ) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"(സിഇ) മുൻ സാമ്പത്തിക വർഷം സംഘത്തിലെ കമ്മിറ്റി അംഗങ്ങളുടെയും ജീവനക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സംഘത്തിലേയ്ക്ക് കുടിശ്ശികയായ എല്ലാ ബാധ്യതകളെയും സംബന്ധിച്ച വിശദമായ ലിസ്റ്റിന്റെ പരിഗണന.

വിശദീകരണം.—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേയ്ക്കായി "കുടുംബാംഗങ്ങൾ" എന്നാൽ ഭർത്താവ്, ഭാര്യ, ദത്ത് കുട്ടികൾ ഉൾപ്പെടെയുള്ള അവരുടെ കുട്ടികളും മാതാപിതാക്കളും;".

(ii) (2)-ാം ഉപവകുപ്പ് താഴെപ്പറയും പ്രകാരം പകരം ചേർക്കേണ്ടതാണ്, അതായത്:—

"(2) രജിസ്ട്രാർക്കോ അദ്ദേഹം നിയോഗിക്കുന്ന മറ്റൊരാൾക്കോ സഹകരണ ആഡിറ്റ് ഡയറക്ടർക്കോ അദ്ദേഹം നിയോഗിക്കുന്ന മറ്റൊരാൾക്കോ ഏതൊരു സംഘത്തിന്റെയും കമ്മിറ്റിയിലോ പൊതുയോഗ മീറ്റിംഗിലോ ഹാജരാകുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.".

21. 31-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 31-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ, "ചർച്ചയിൽ പങ്കെടുക്കാനോ" എന്നീ വാക്കുകൾക്ക് ശേഷം "ഭാരവാഹികളുടെ തെരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പിൽ പങ്കെടുക്കാനോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

22. 32-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 32-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ,—

(എ) (ബി) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം (ബിഎ) ഖണ്ഡം ആയി ചേർക്കേണ്ടതാണ്, അതായത്:—

"(ബിഎ) ആക്റ്റിന്റെ 76-ാം വകുപ്പിൽ പരാമർശിക്കുന്ന ഉത്തരവുകൾ മുതലായവ നടപ്പിലാക്കുന്നതിനുള്ള ബോധപൂർവ്വമായ വീഴ്ചയോ; അല്ലെങ്കിൽ";

(ബി) (ഡി) ഖണ്ഡത്തിൽ, "അവരിൽ ഒരാളെ കൺവീനറായും, അവർ സംഘത്തിലെ അംഗമായിരിക്കണമെന്നില്ല" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം ", അവർ സംഘത്തിലെ അംഗങ്ങളായിരിക്കേണ്ടതും, അവരിൽ ഒരാളെ കൺവീനറായും" എന്നീ വാക്കുകളും ചിഹ്നവും ചേർക്കേണ്ടതും മൂന്നാം ക്ലിപ്തനിബന്ധനയും വിശദീകരണം I-ഉം ഒഴിവാക്കേണ്ടതും വിശദീകരണം II-ലെ "II" നീക്കം ചെയ്യേണ്ടതുമാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(സി) (ഇ) ഖണ്ഡത്തിൽ, "രണ്ട് തുടർച്ചയായ കാലാവധികളിലേയ്ക്ക്" എന്നീ വാക്കുകൾക്ക് പകരം "അടുത്ത ഒരു കാലാവധിയിലേയ്ക്ക്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (4)-ാം ഉപവകുപ്പിൽ,—

"സംഘത്തിന്റെ താത്പര്യാർത്ഥം ആവശ്യമായി വരാവുന്ന പ്രകാരമുള്ള എല്ലാ നടപടികളും എടുക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്." എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "അംഗങ്ങളുടെ എൻറോൾമെന്റ് ഉൾപ്പെടെ, സംഘത്തിന്റെ താത്പര്യാർത്ഥം ആവശ്യമായി വരാവുന്ന എല്ലാ നടപടികളും എടുക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതും, എന്നാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു കമ്മിറ്റി പ്രസ്തുത അംഗത്വം സാധൂകരിക്കാത്തിടത്തോളം അങ്ങനെയുള്ള അംഗങ്ങൾ വോട്ടവകാശം വിനിയോഗിക്കുവാൻ പാടില്ലാത്തതുമാണ്." എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതുമാണ്.

23. <u>33-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 33-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിൽ, "അവർ സംഘത്തിലെ അംഗങ്ങൾ ആയിരിക്കണമെന്നില്ല" എന്നീ വാക്കുകൾക്ക് പകരം "അവർ സംഘത്തിലെ അംഗങ്ങളിൽ നിന്നുമായിരിക്കണം; അവരിൽ ഒരാൾ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (2)-ാം ഉപവകുപ്പിൽ,—

(എ) "ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ" എന്നീ വാക്കുകൾക്കു ശേഷം "അംഗങ്ങളുടെ എൻറോൾമെന്റ് ഉൾപ്പെടെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) താഴെപ്പറയുന്ന വാചകം അവസാന ഭാഗത്തായി ചേർക്കേണ്ടതാണ്, അതായത്:—

"തെരഞ്ഞെടുക്കപ്പെടുന്ന ഒരു കമ്മിറ്റി അപ്രകാരമുള്ള അംഗത്വം സാധൂകരിക്കാത്ത പക്ഷം അപ്രകാരം ചേർക്കപ്പെട്ട അംഗങ്ങൾക്ക് വോട്ടവകാശം ഇല്ലാത്തതും കമ്മിറ്റി അത്തരം അംഗത്വത്തിന് സാധൂകരണം നൽകുന്നില്ലായെങ്കിൽ അപ്രകാരം നിരസിക്കുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കേണ്ടതുമാണ്.".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

24. 34എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 34-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"34എ. കണക്കുകളുടെ സൂക്ഷിപ്പും പൊതു സോഫ്റ്റ്വെയർ സ്വീകരിക്കലും.—(1) എല്ലാ സഹകരണ സംഘങ്ങളും നിർണ്ണയിക്കപ്പെട്ട പ്രകാരം ലാഭനഷ്ട കണക്കും, ബാലൻസ് ഷീറ്റും തയ്യാറാക്കുന്നതിന് പൊതുവായി അംഗീകരിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടിംഗ് തത്വത്തിൽ നിർദ്ദേശിച്ചിരിക്കുന്ന ഫാറത്തിൽ ഡബിൾ എൻട്രി ബുക്ക് കീപ്പിംഗ് സിസ്റ്റം സാധ്യമാക്കുന്ന തരത്തിൽ അക്കൗണ്ട് ബുക്കുകളും സാമ്പത്തിക സ്റ്റേറ്റ്മെന്റുകളും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

(2) എല്ലാ സഹകരണ സംഘങ്ങളിലേയ്ക്കുമുള്ള നിർണ്ണയിക്കപ്പെട്ട പൊതു സോഫ്റ്റ്വെയറിന്റെ സ്ഥാപനവും സൂക്ഷിപ്പും ഉപയോഗവും സംബന്ധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ, രജിസ്ട്രാർ, നിർണ്ണയിക്കപ്പെട്ട പ്രകാരം പുറപ്പെടുവിക്കേണ്ടതാണ്.

(3) സോഫ്റ്റ്വെയറും ഹാർഡ്വെയറുമായി ബന്ധപ്പെട്ട സുരക്ഷ, വിശ്വാസ്യത, ഡാറ്റാ സംരക്ഷണവും, മറ്റു സംഗതികളും പരിശോധിക്കുന്നതിനായി, സർക്കാരുമായി കൂടിയാലോചിച്ച് നിർണ്ണയിക്കപ്പെട്ട പ്രകാരം പ്രൊഫഷണൽ ടെക്നിക്കൽ ടീം ഉൾപ്പെട്ട ഒരു ടെക്നിക്കൽ സെൽ രജിസ്ട്രാറുടെ കാര്യാലയത്തിൽ സ്ഥാപിക്കേണ്ടതാണ്.".

25. 36എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 36എ വകുപ്പിൽ, "10 മുതൽ 15 വരെയുള്ള വകുപ്പുകളിലെ (രണ്ടും ഉൾപ്പെടെ)" എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "9 മുതൽ 15 വരെയും (രണ്ടും ഉൾപ്പെടെ) 19 മുതൽ 28 വരെയുമുള്ള (രണ്ടും ഉൾപ്പെടെ) വകുപ്പുകളിലെ" എന്നീ അക്കങ്ങളും വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

26. 56-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 56-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിലെ (സി) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഡി) അറ്റാദായത്തിന്റെ അഞ്ച് ശതമാനം രജിസ്ട്രാർ സൂക്ഷിച്ചുപോരുന്ന പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിലേയ്ക്ക് വകയിരുത്തേണ്ടതാണ്.".

(ii) (2)-ാം ഉപവകുപ്പിലെ (സിസി) ഖണ്ഡം വിട്ടുകളയേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

27. 56എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 56എ വകുപ്പിന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, സംഘങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സ്ഥാവര വസ്തുക്കൾ ഉപയോഗിക്കേണ്ടതുണ്ടെങ്കിൽ ഇതിനായി സംഘം പൊതുയോഗത്തിന്റെ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാറിൽ നിന്ന് മുൻകൂർ അംഗീകാരം തേടേണ്ടതാണ്.".

28. 57സി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 57സി വകുപ്പിലെ (1)-ാം ഉപവകുപ്പിൽ, "സംഘങ്ങളുടെയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും വികസന അതോറിറ്റികളുടെയും അതുപോലുള്ള സ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യത്തിനായി" എന്നീ വാക്കുകൾക്ക് പകരം "പൊതു ആവശ്യങ്ങൾക്കായും സംഘങ്ങളുടെയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും വികസന അതോറിറ്റികളുടെയും അതുപോലുള്ള സ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

29. 57ഇ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 57ഡി വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"57ഇ. സഹകരണ പുനരുദ്ധാരണ ഫണ്ട് പദ്ധതി.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി അസാധാരണ സാഹചര്യം നിമിത്തം ദുർബലമായതോ സുഷുപ്താവസ്ഥയിലോ ആയ സംഘങ്ങളെ പുനരുദ്ധരിപ്പിക്കുന്നതിനായി സാമ്പത്തിക സഹായം നൽകുന്നതിനായി പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള അത്തരം നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി "സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം" എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കാവുന്നതും നിർണ്ണയിക്കപ്പെട്ട പ്രകാരം അതിന്റെ ഭരണം നടത്തേണ്ടതുമാണ്.

(2) ഫണ്ടിലേക്ക്,—

(എ) 56-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (എ) ഖണ്ഡത്തിൽ പരാമർശിക്കുന്ന കരുതൽ ഫണ്ടിന്റെ അമ്പത് ശതമാനത്തിൽ കവിയാത്ത ഒരു തുകയും;

(ബി) കാർഷിക വായ്പാ സംഘങ്ങൾ തങ്ങളുടെ അറ്റാദായത്തിൽ നിന്ന്, വകമാറ്റിയ അഗ്രികൾച്ചർ ക്രെഡിറ്റ് സ്റ്റെബിലൈസേഷൻ ഫണ്ടിന്റെ അമ്പത് ശതമാനത്തിൽ കവിയാത്തത്; ആവശ്യമായി വരുമ്പോൾ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(സി) സർക്കാർ കാലാകാലങ്ങളിൽ അനുവദിച്ചേക്കാവുന്ന അങ്ങനെയുള്ള ഫണ്ട്; കൂടാതെ

(ഡി) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാവുന്ന മറ്റേതൊരു തുകയും,

നീക്കിവയ്ക്കേണ്ടതാണ്.”.

30. 59-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 59-ാം വകുപ്പിൽ നിലവിലുള്ള (2)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“(2എ) ഒരു സംഘം, രജിസ്ട്രാർ നിശ്ചയിച്ചിട്ടുള്ളതും പ്രസ്തുത സംഘത്തിന്റെ ഉപനിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുമായ വ്യക്തിഗത പരമാവധി കടമെടുക്കൽ അധികാര പരിധിയിൽ കവിഞ്ഞ യാതൊരു തുകയും അഡ്വാൻസായോ വായ്പയായോ അനുവദിക്കാൻ പാടില്ലാത്തതാകുന്നു. പ്രസ്തുത വ്യവസ്ഥയുടെ ഏതൊരു ലംഘനത്തിനും ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവും കമ്മിറ്റിയും ആക്റ്റിലെ 94-ാം വകുപ്പിലെ (7എ) ഉപവകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള ശിക്ഷയ്ക്ക് അർഹരായിരിക്കുന്നതുമാണ്.”.

31. 59എ, 59ബി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിന്റെ 59-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

“59എ. സ്വത്തുക്കളുടെ മൂല്യനിർണ്ണയം.—ഒരു സഹകരണ സംഘത്തിന് ഈടായി പണയപ്പെടുത്തുന്ന സ്ഥാവര സ്വത്തിന്റെ മൂല്യനിർണ്ണയത്തിൽ വായ്പാ തുക പത്ത് ലക്ഷത്തിൽ താഴെയായിരിക്കുന്ന സംഗതിയിൽ കമ്മിറ്റി അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥരും, വായ്പാതുക പത്ത് ലക്ഷത്തിൽ അധികരിക്കുന്ന സംഗതിയിൽ സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും കമ്മിറ്റിയിലെ രണ്ട് അംഗങ്ങളും കമ്മിറ്റി അധികാരപ്പെടുത്തിയ ഒരു സ്വതന്ത്ര മൂല്യനിർണ്ണയം നടത്തുന്ന ആളും ഉൾപ്പെടെയുള്ള അഞ്ച് അംഗങ്ങളടങ്ങുന്ന ഒരു പാനലും മൂല്യനിർണ്ണയം നടത്തേണ്ടതാണ്.

59ബി. സംഘങ്ങൾ സ്ഥാവരജംഗമ വസ്തുക്കൾ വാങ്ങുന്നത്.—സംഘങ്ങൾ, സംഘങ്ങളുടെ തനത് ഫണ്ട് ഉപയോഗിച്ച് സ്ഥാവരജംഗമ വസ്തുക്കൾ ആർജ്ജിക്കുമ്പോൾ, നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള, മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.”.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

32. <u>63-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിന്റെ 63-ാം വകുപ്പിൽ,—

(i) (4)-ാം ഉപവകുപ്പിൽ, ആദ്യ ക്ലിപ്തനിബന്ധനയ്ക്കു ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, ആദായനികുതി റിട്ടേണുകൾ ഫയൽ ചെയ്യാൻ ബാദ്ധ്യസ്ഥരായ സംഘങ്ങളുടെ കാര്യത്തിൽ, പ്രസ്തുത ആവശ്യത്തിലേക്കുള്ള ധനകാര്യ സ്റ്റേറ്റ്മെന്റ്, സാമ്പത്തിക വർഷം അവസാനിച്ച് മൂന്ന് മാസത്തിനകം ആഡിറ്റർ യഥാവിധി സാക്ഷ്യപ്പെടുത്തേണ്ടതാണ്.".

(ii) (9)-ാം ഉപവകുപ്പിനും അതിന്റെ ക്ലിപ്തനിബന്ധനയ്ക്കും പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(9) ഏതൊരു സഹകരണ സംഘവും സംസ്ഥാന സർക്കാർ അംഗീകരിച്ച് വിജ്ഞാപനം ചെയ്തതുമായ പദ്ധതിക്ക് അനുസൃതമായി സഹകരണ ആഡിറ്റ് ഡയറക്ടർ നിയമിക്കുന്ന ആഡിറ്റർമാരുടെ ഒരു ടീമിനെക്കൊണ്ട് ആഡിറ്റ് നടത്തിക്കേണ്ടതാണ്. ടീമിന്റെ രൂപീകരണവും, ഘടനയും, ആഡിറ്റ് നടത്തുന്ന രീതി, ആഡിറ്റ് റിപ്പോർട്ടിന്റെ പ്രോസസ് ചെയ്യലിന്റെയും തയ്യാറാക്കലിന്റെയും രീതി എന്നിവ സർക്കാർ അംഗീകരിച്ച പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.".

(iii) (10)-ാം ഉപവകുപ്പ് താഴെപ്പറയും പ്രകാരം പകരം ചേർക്കേണ്ടതാണ്, അതായത്:—

"(10) എല്ലാ അപ്പെക്സ് സംഘങ്ങളുടെയും എല്ലാ ഗ്രാമീണ സഹകരണ ബാങ്കുകളുടെയും ധനപരമായ കണക്കുകൾ സഹകരണ ആഡിറ്റ് ഡയറക്ടർ അംഗീകരിച്ച പാനലിൽ നിന്നുള്ള ആഡിറ്റിംഗ് ഫേമുകളെകൊണ്ട് ആഡിറ്റ് ചെയ്യിക്കേണ്ടതും സഹായം ലഭിച്ച അപ്പെക്സ് സംഘങ്ങളുടെ ഭരണപരമായ വിഷയങ്ങളും അനുബന്ധ കണക്കുകളും വകുപ്പുതല ആഡിറ്റർമാരെ കൊണ്ട് ആഡിറ്റ് ചെയ്യിക്കേണ്ടതും ആഡിറ്റ് റിപ്പോർട്ടുകൾ സഹകരണ ആഡിറ്റ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. പ്രസ്തുത ആഡിറ്റിൽ സംഘത്തിന്റെ പണമോ വസ്തുവകകളോ സ്വത്തുക്കളോ തിരിമറി നടത്തിയെന്നോ എന്തെങ്കിലും ദുരുപയോഗമോ തട്ടിപ്പോ പണാപഹരണമോ ചെയ്തെന്നോ വെളിപ്പെട്ടാൽ, ആഡിറ്റ് ടീം ഒരു പ്രത്യേക റിപ്പോർട്ട് തയ്യാറാക്കേണ്ടതും അത് സഹകരണ സംഘ ആഡിറ്റ് ഡയറക്ടർക്കും രജിസ്ട്രാർക്കും അയച്ചുകൊടുക്കേണ്ടതുമാണ്. രജിസ്ട്രാർ നേരിട്ടോ അല്ലെങ്കിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സഹകരണ ആഡിറ്റ് ഡയറക്ടറോ രജിസ്ട്രാറുമായി കൂടിയാലോചിച്ചുകൊണ്ടോ ഒരു വിശദമായ അന്വേഷണ വിചാരണയ്ക്കായി വകുപ്പ് 68എ പ്രകാരം നിയമിതനായ വിജിലൻസ് ഓഫീസർക്ക് പ്രത്യേക റിപ്പോർട്ട് അയച്ചുകൊടുക്കേണ്ടതാണ്.".

(iv) (12)-ാം ഉപവകുപ്പിൽ "അവർ സംഘത്തിലെ അംഗങ്ങളായിരിക്കണമെന്നില്ല അവരിൽ നിന്നും" എന്നീ വാക്കുകൾക്ക് പകരം "അംഗങ്ങളിൽ നിന്നും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(v) (12)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(12എ) ഒരു സഹകരണ സംഘത്തിന്റെ ആഡിറ്റിൽ തുടർച്ചയായ രണ്ടിൽ കൂടുതൽ ആഡിറ്റുകളിൽ ഒരു ആഡിറ്ററെയോ, അല്ലെങ്കിൽ ആഡിറ്റിംഗ് ഫേമുകളെയോ അല്ലെങ്കിൽ ആഡിറ്റർമാരുടെ ടീമിനെയോ ചുമതലപ്പെടുത്താൻ പാടില്ലാത്തതാകുന്നു.".

33. 64-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 64-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1എ) ഒരു പൊതു സോഫ്റ്റ്‌വെയറോ രജിസ്ട്രാർ അംഗീകരിച്ച മറ്റേതെങ്കിലും സോഫ്റ്റ്‌വെയറോ ഉപയോഗിച്ച് അക്കൗണ്ടുകൾ തയ്യാറാക്കുന്ന സഹകരണ സംഘങ്ങളുടെ സംഗതിയിൽ, ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ആഡിറ്റും സോഫ്റ്റ്‌വെയറിന്റെയും ഹാർഡ്‌വെയറിന്റെയും പരിശോധനയും ആഡിറ്റിൽ ഉൾപ്പെടുന്നതാണ്.

(1ബി) ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ആഡിറ്റിലും സോഫ്റ്റ്‌വെയറിന്റെയും ഹാർഡ്‌വെയറിന്റെയും പരിശോധനാ വേളയിലും ഏതെങ്കിലും രേഖകളുടെ കൃത്രിമത്വം അല്ലെങ്കിൽ സോഫ്റ്റ്‌വെയറിന്റെയോ ഹാർഡ്‌വെയറിന്റെയോ പ്രവർത്തനത്തിലുള്ള കൃത്രിമത്വം വെളിപ്പെട്ടാൽ, ആഡിറ്റർ/ആഡിറ്റർമാർ/ആഡിറ്റ് ഫേമുകൾ പ്രസ്തുത കൃത്രിമങ്ങൾ സഹകരണ ആഡിറ്റ് ഡയറക്ടറെയും രജിസ്ട്രാറെയും അറിയിക്കേണ്ടതാണ്.

(1സി) രജിസ്ട്രാർ നേരിട്ടോ, സഹകരണ ആഡിറ്റ് ഡയറക്ടർ രജിസ്ട്രാറുമായി കൂടിയാലോചിച്ചുകൊണ്ടോ സിസ്റ്റത്തിലുള്ള കൃത്രിമങ്ങൾ സംബന്ധിച്ച്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അന്വേഷിക്കുന്നതിനായി, അതതു സംഗതിപോലെ, പോലീസിനോ വിജിലൻസ് ഓഫീസറിനോ വിവരം നൽകേണ്ടതാണ്.”.

(ii) (4എ) ഉപവകുപ്പിൽ, “ഒരു മാസത്തിനകം” എന്നീ വാക്കുകൾക്ക് പകരം “പതിനഞ്ച് ദിവസങ്ങൾക്കകം” എന്നീ വാക്കുകൾ ചേർക്കേണ്ടതും “അവർ അംഗങ്ങളായിരിക്കണമെന്നില്ല അവരിൽ നിന്നും” എന്നീ വാക്കുകൾക്ക് പകരം “അംഗങ്ങളിൽ നിന്നും അതിൽ” എന്നീ വാക്കുകൾ ചേർക്കേണ്ടതുമാണ്.

(iii) (4ബി) ഉപവകുപ്പിൽ, “മൂന്ന് മാസത്തിനകം” എന്നീ വാക്കുകൾക്ക് പകരം “നാൽപത്തിയഞ്ച് ദിവസങ്ങൾക്കകം” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(iv) (5)-ാം ഉപവകുപ്പിൽ,—

(എ) “ആഡിറ്ററോ” എന്ന വാക്കിനു ശേഷം “അല്ലെങ്കിൽ ആഡിറ്റർമാരുടെ ടീമോ” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) “നാല് മാസത്തിനകം” എന്നീ വാക്കുകൾക്ക് പകരം “തൊണ്ണൂറ് ദിവസങ്ങൾക്കകം” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(v) (5)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“(5എ) ആഡിറ്റ് പൂർത്തിയാക്കി സഹകരണ ആഡിറ്റ് ഡയറക്ടർക്ക് ആഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുമ്പായി, ആഡിറ്റർ, ആഡിറ്റർമാരുടെ ടീം, അല്ലെങ്കിൽ ആഡിറ്റ് ഫേം, അതതു സംഗതിപോലെ, ആഡിറ്റിലെ കണ്ടെത്തലുകൾ ബന്ധപ്പെട്ട സംഘത്തിന്റെ മാനേജിംഗ് കമ്മിറ്റിയുമായി ചർച്ച ചെയ്യേണ്ടതും അവരുടെ മറുപടി രേഖാമൂലം വാങ്ങേണ്ടതുമാണ്.”.

(vi) (9)-ാം ഉപവകുപ്പ് താഴെപ്പറയും പ്രകാരം പകരം ചേർക്കേണ്ടതാണ്, അതായത്:—

“(9) സംഘത്തിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും പോരായ്മകൾ ഉണ്ടെന്ന് പ്രസ്തുത വകുപ്പ് പ്രകാരം നടന്ന ആഡിറ്റിൽ വെളിപ്പെട്ടാൽ, ആഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച പോരായ്മകളും ക്രമക്കേടുകളും, ഏതെങ്കിലും ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനു കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതും ഓരോ വർഷവും ചേരുന്ന പൊതുയോഗത്തിന്റെ മീറ്റിംഗിനു മുമ്പാകെ സ്വീകരിച്ച നടപടി സംബന്ധിച്ച

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

റിപ്പോർട്ട് സഹിതം ആഡിറ്റ് റിപ്പോർട്ട് വയ്ക്കേണ്ടതും അതിൽ പ്രസ്തുത പോരായ്മകളും ക്രമക്കേടുകളും വിശദീകരിക്കേണ്ടതുമാണ്. ആഡിറ്റ് റിപ്പോർട്ടിലുള്ള എല്ലാ പോരായ്മകളും ക്രമക്കേടുകളും പരിഹരിക്കുന്നത് വരെ കമ്മിറ്റി നടപടികൾ എടുക്കുന്നത് തുടരേണ്ടതും എല്ലാ പോരായ്മകളും ക്രമക്കേടുകളും പരിഹരിക്കുന്നതുവരെ എല്ലാ വർഷവും അത് പൊതുയോഗത്തിന്റെ മീറ്റിംഗിൽ ധരിപ്പിക്കുകയും ചെയ്യേണ്ടതാണ്. പൊതുയോഗ മീറ്റിംഗ് നടന്ന തീയതി മുതൽ പതിനഞ്ച് ദിവസങ്ങൾക്കകം സഹകരണ ആഡിറ്റ് ഡയറക്ടർക്കും രജിസ്ട്രാർക്കും എടുത്ത നടപടിയുടെ റിപ്പോർട്ട് കമ്മിറ്റി അയച്ചുകൊടുക്കേണ്ടതാണ്.".

(vii) (9)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(9എ) ഏതെങ്കിലും ആൾ, സംഘത്തിനുണ്ടാക്കിയിട്ടുള്ള നാശനഷ്ടങ്ങളിന്മേലുള്ള നിയമനടപടികളിൽ നിന്ന് ഒഴിവാകുന്നതിലേയ്ക്ക് രേഖകളോ, റിക്കാർഡുകളോ നശിപ്പിക്കാനോ തിരുത്താനോ ശ്രമിച്ചിട്ടുണ്ടെന്ന് സഹകരണ ആഡിറ്റ് ഡയറക്ടർക്കോ അദ്ദേഹം സംഘത്തിൽ ആഡിറ്റ് നടത്താനായി ചുമതലപ്പെടുത്തിയ ആളിനോ അഭിപ്രായമുള്ളപക്ഷം പ്രസ്തുത വിവരം തന്റെ കൺട്രോളിംഗ് ഓഫീസർക്ക് രജിസ്ട്രാറോ, അദ്ദേഹം അധികാരപ്പെടുത്തിയ ആളുമായോ കൂടിയാലോചിച്ചുകൊണ്ട് അതതു സംഗതിപോലെ, പോലീസിനോ വിജിലൻസ് ഓഫീസർക്കോ പരാതി ഫയൽ ചെയ്യുന്നതിനായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.".

34. <u>65-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 65-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ,—

(എ) (ബി) ഖണ്ഡം ഒഴിവാക്കേണ്ടതാണ്;

(ബി) (ഡി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഡി) സംഘത്തിന്റെ കമ്മിറ്റിയിലെ ഭൂരിപക്ഷം അംഗങ്ങളാലോ, അല്ലെങ്കിൽ സംഘത്തിലെ ആകെ അംഗങ്ങളുടെ മൂന്നിലൊന്നിൽ കുറയാത്തതോ അല്ലെങ്കിൽ പൊതുയോഗ മീറ്റിംഗിന്റെ ക്വാറത്തിനാവശ്യമായ എണ്ണം അംഗങ്ങളോ, ഏതാണോ കുറവ്, അവരുടെ അപേക്ഷയിന്മേലോ; അല്ലെങ്കിൽ";

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(സി) (എഫ്) ഖണ്ഡത്തിൽ, "ആൾ മുഖേനയോ" എന്നീ വാക്കുകൾക്ക് പകരം "ആളോ ആളുകൾ മുഖേനയോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (2)-ാം ഉപവകുപ്പിൽ, (സി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഡി) അന്വേഷണവുമായി ബന്ധപ്പെട്ടതോ അതിൽ ഉൾപ്പെട്ടിരിക്കുന്നതോ ആയ ആളിന്/ആളുകൾക്ക് അന്വേഷണത്തിന്റെ വിഷയം സൂചിപ്പിച്ചുകൊണ്ട് രജിസ്റ്റേർഡ് തപാൽ മുഖേനയോ നേരിട്ടോ മതിയായ നോട്ടീസ് നൽകേണ്ടതും അയാളുടെ/അവരുടെ ഭാഗം കേൾക്കുന്നതിന് ഒരവസരം നൽകേണ്ടതുമാണ്.".

(iii) (2)-ാം ഉപവകുപ്പിനു ശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2എ) ഈ വകുപ്പ് പ്രകാരം നടത്തിയ അന്വേഷണ വിചാരണയിൽ എന്തെങ്കിലും പോരായ്മ വെളിപ്പെട്ടാൽ, രജിസ്ട്രാർക്കോ, അന്വേഷണ വിചാരണ നടത്തുന്നതിന് അദ്ദേഹം അധികാരപ്പെടുത്തിയ വ്യക്തിയോ/വ്യക്തികൾക്കോ, വ്യക്തിഗത ബാധ്യത തിട്ടപ്പെടുത്തുന്നത് ഉൾപ്പെടെ, സംഘത്തിനുണ്ടായ പോരായ്മയുടെയും അപഹരിക്കപ്പെട്ട തുകയും, മറ്റ് നഷ്ടങ്ങളും സംബന്ധിച്ച വിശദമായ ഒരു അന്വേഷണ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. അന്വേഷണത്തിൽ, 94-ാം വകുപ്പിൻ കീഴിൽ വരുന്ന എന്തെങ്കിലും കുറ്റം വെളിപ്പെട്ടാൽ, അന്വേഷണ ഉദ്യോഗസ്ഥൻ ഒരു സ്പെഷ്യൽ റിപ്പോർട്ട് തയ്യാറാക്കി രജിസ്ട്രാറിന് നൽകേണ്ടതും അതോടൊപ്പം അയാൾ ഒരു പകർപ്പ് വിശദമായ അന്വേഷണത്തിനായി, അതതു സംഗതിപോലെ, പോലീസിനോ വിജിലൻസ് ഓഫീസർക്കോ അയച്ചുകൊടുക്കേണ്ടതുമാണ്.".

(iv) (5)-ാം ഉപവകുപ്പിൽ, "ആറുമാസക്കാലയളവിനുള്ളിൽ" എന്ന വാക്കിന് പകരം "നാലുമാസക്കാലയളവിനുള്ളിൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(v) (6)-ാം ഉപവകുപ്പിൽ, "32-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി" എന്നീ വാക്കുകൾക്കും അക്കത്തിനും ചിഹ്നത്തിനും പകരം "ബന്ധപ്പെട്ട കക്ഷികൾക്ക് വാദം കേൾക്കാനുള്ള അവസരം നൽകിയ ശേഷം നിയമപരമായ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(vi) (6)-ാം ഉപവകുപ്പിന് ശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"(7) ഏതെങ്കിലും അന്വേഷണ വിചാരണയിൽ സഹകരണ സംഘത്തിൽ ഏതെങ്കിലും ക്രമക്കേടോ പണാപഹരണമോ പണമോ വസ്തുവകകളോ ആസ്തികളോ തട്ടിപ്പോ വെട്ടിപ്പോ നടത്തിയതായോ അല്ലെങ്കിൽ സംഘത്തിന് എന്തെങ്കിലും നഷ്ടം ഉണ്ടായതായോ വെളിപ്പെട്ടാൽ, രജിസ്ട്രാർക്കോ രജിസ്ട്രാർ ഇതിലേയ്ക്കായി പ്രത്യേകമായി അധികാരപ്പെടുത്തിയതോ ചുമതലപ്പെടുത്തിയതോ ആയ ഏതൊരു ഉദ്യോഗസ്ഥനോ, നഷ്ടം തിട്ടപ്പെടുത്തിക്കൊണ്ട് നിയമനടപടികളിലൂടെ സംഘത്തിന്റെ അപഹരിക്കപ്പെട്ട അല്ലെങ്കിൽ വെട്ടിച്ച പണം, വസ്തുവകകൾ, ആസ്തികൾ വീണ്ടെടുക്കുന്നതിനാവശ്യമായ സത്വര നടപടികൾ എടുക്കേണ്ടതാണ്.".

35. <u>66-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 66-ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(2<u>എ</u>) അപ്പെക്സ്, സെൻട്രൽ, ഫെഡറൽ സഹകരണ സംഘങ്ങളുടെയും മറ്റെല്ലാ പ്രാഥമിക സഹകരണ സംഘങ്ങളുടെയും പരിശോധനയ്ക്കായി, രജിസ്ട്രാർക്ക് അദ്ദേഹത്തിന്റെ നിയന്ത്രണത്തിൻകീഴിലുള്ള ഓഫീസർമാരുടെ പ്രത്യേക ടീമിനെ അധികാരപ്പെടുത്താവുന്നതാണ്.

(2<u>ബി</u>) ഇത്തരത്തിലുള്ള പരിശോധനകളുടെ റിപ്പോർട്ട് ബന്ധപ്പെട്ട അപ്പെക്സ്, സെൻട്രൽ, ഫെഡറൽ സംഘങ്ങൾക്കും, എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും മുപ്പത് ദിവസത്തിനുള്ളിൽ രേഖാമൂലം നൽകേണ്ടതും അറിയിപ്പ് ലഭിച്ച തീയതി മുതൽ നാല്പത്തിയഞ്ച് ദിവസക്കാലയളവിനുള്ളിൽ രജിസ്ട്രാർ മുമ്പാകെ ഖണ്ഡിക തിരിച്ചുള്ള തൃപ്തികരമായ ഒരു നടപടി റിപ്പോർട്ട് ഫയൽ ചെയ്യാൻ കമ്മിറ്റിക്കും സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവിനും ബാധ്യത ഉണ്ടായിരിക്കുന്നതുമാണ്.".

(ii) (6)-ാം ഉപവകുപ്പും അതിന്റെ ക്ലിപ്തനിബന്ധനയും വിട്ടുകളയേണ്ടതാണ്.

36. <u>66സി വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 66<u>സി</u> വകുപ്പിൽ,—

(i) നിലവിലുള്ള വകുപ്പിനെ (1)-ാം ഉപവകുപ്പായി അക്കം ഇടേണ്ടതാണ്.

(ii) അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിലെ ഖണ്ഡം (എഫ്)-നെ (ജി) ഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) അപ്രകാരം പുനരക്ഷരം ചെയ്ത (ജി) ഖണ്ഡത്തിനു മുൻപായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഫ്) കമ്മിറ്റി അംഗീകരിച്ച ആഡിറ്റ് റിപ്പോർട്ടിന്മേലുള്ള തിരുത്തൽ റിപ്പോർട്ടുകളും സംഘത്തിന്റെ പൊതുയോഗത്തിന്റെ പ്രമേയവും.".

(iv) (1)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്നവ (2)-ാം ഉപവകുപ്പായി ചേർക്കേണ്ടതാണ്, അതായത്:—

"(2) ഏതൊരു സഹകരണ സംഘവും, സഹകരണ സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് യഥാവിധി സാക്ഷ്യപ്പെടുത്തിയ ക്രെഡിറ്റ് പ്രവർത്തനങ്ങളിന്മേലുള്ള ത്രൈമാസ റിട്ടേണുകൾ സമർപ്പിക്കേണ്ടതും, അത് രജിസ്ട്രാർ യഥാവിധി പുനഃപരിശോധിക്കേണ്ടതും ഓരോ ത്രൈമാസം കഴിയുമ്പോഴും രജിസ്ട്രാർ അവലോകനം നടത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. ഏതെങ്കിലും സംഘം യഥാസമയം റിട്ടേണുകൾ സമർപ്പിക്കാൻ പരാജയപ്പെടുന്നപക്ഷം രജിസ്ട്രാർക്ക് നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള സംഘങ്ങളുടെ തരംതിരിവും കാറ്റഗറിയും അടിസ്ഥാനപ്പെടുത്തി പതിനായിരം രൂപയിൽ അധികരിക്കാത്ത പിഴ ചുമത്താൻ അധികാരമുണ്ടായിരിക്കുന്നതാണ്.".

37. <u>68-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിന്റെ 68-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "അതിന്റെ പ്രവർത്തനം അവസാനിപ്പിക്കുകയോ ചെയ്യുന്നതിനിടയിൽ" എന്നീ വാക്കുകൾക്ക് ശേഷം "അല്ലെങ്കിൽ വിജിലൻസ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (3)-ാം ഉപവകുപ്പിൽ,—

(എ) "നഷ്ടപരിഹാരമോ" എന്ന വാക്കിനു ശേഷം "അറുപത് ദിവസക്കാലാവധിക്കുള്ളിൽ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ അത്തരം കാലയളവ്, രജിസ്ട്രാറുടെ വിവേചനാധികാരം പ്രയോഗിച്ചുകൊണ്ട് സമയാസമയങ്ങളിൽ എഴുതി രേഖപ്പെടുത്തിയ കാരണത്താൽ ദീർഘിപ്പിക്കാവുന്നതും യാതൊരു കാരണവശാലും ദീർഘിപ്പിച്ച കാലയളവ് അറുപത് ദിവസത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാകുന്നു.".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

38. 68ബി എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിന്റെ 68എ വകുപ്പിനു ശേഷം താഴെപ്പറയുന്ന 68ബി വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"68ബി. ക്രമക്കേടുകൾ മുതലായവ കൈകാര്യം ചെയ്യുന്നതിന് ഗവൺമെന്റിനോ അല്ലെങ്കിൽ രജിസ്ട്രാർക്കോ ഉള്ള അധികാരങ്ങൾ.—(1) 1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലോ 1988-ലെ അഴിമതി നിരോധന ആക്റ്റിലോ അല്ലെങ്കിൽ രണ്ടിലുമോ ഉള്ള വ്യവസ്ഥകൾ പ്രകാരം ഒരു സംഘത്തിലെ പണാപഹരണമോ ക്രമക്കേടുകളോ അഴിമതിയോ സംബന്ധിച്ച കേസുകൾ, സർക്കാരിനോ രജിസ്ട്രാർക്കോ, അതതു സംഗതിപോലെ, അന്വേഷണത്തിനും തുടർനടപടികൾക്കുമായി പോലീസിനോ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയ്ക്കോ, അതതു സംഗതിപോലെ, അയച്ചുകൊടുക്കാവുന്നതുമാണ്.

(2) ഒരു സംഘത്തിന്റെ കമ്മിറ്റി അംഗങ്ങൾക്കോ, ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കുമോ, അല്ലെങ്കിൽ രണ്ടിനും എതിരെയോ 1988-ലെ അഴിമതി നിരോധന ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റത്തിന് അന്വേഷണ വിചാരണ, എൻക്വയറി അല്ലെങ്കിൽ അന്വേഷണം നടത്തുന്നതിനും കുറ്റം നടപടിയ്ക്കെടുക്കലിനും അനുമതി നൽകുന്നതിനുള്ള അധികാരി രജിസ്ട്രാർ ആയിരിക്കുന്നതാണ്.

(3) സർക്കാർ നിശ്ചയിക്കുന്ന ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യത്തിൽ അനുമതി നൽകേണ്ട അധികാരി സർക്കാർ സഹകരണ വകുപ്പിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ്.".

39. 69-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 69-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ,—

(i) (എച്ച്) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എച്ച്) സംഘവും സംഘത്തിന്റെ ഒരു ക്രെഡിറ്ററും തമ്മിൽ; അല്ലെങ്കിൽ".

(ii) (എച്ച്) ഖണ്ഡത്തിനു ശേഷം, താഴെപ്പറയുന്ന (ഐ), (ജെ) എന്നീ ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ഐ) സഹകരണ സംഘവും 14എഎ വകുപ്പ് പ്രകാരമുള്ള അനുബന്ധ സ്ഥാപനങ്ങളും തമ്മിൽ; അല്ലെങ്കിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ജെ) 14ബി വകുപ്പ് പ്രകാരം രൂപീകരിച്ച പങ്കാളിത്തത്തിലെ അംഗങ്ങൾ തമ്മിൽ, അങ്ങനെയുള്ള തർക്കങ്ങളിൽ പണസംബന്ധമല്ലാത്ത തർക്കങ്ങളുടെ സംഗതിയിൽ 70എ വകുപ്പിൻ കീഴിൽ രൂപീകൃതമായ സഹകരണ ആർബിട്രേഷൻ കോടതിക്കും പണസംബന്ധമായ തർക്കങ്ങളിൽ രജിസ്ട്രാർക്കും റഫർ ചെയ്യേണ്ടതും, ആർബിട്രേഷൻ കോടതിയോ രജിസ്ട്രാറോ, അതതു സംഗതിപോലെ, അങ്ങനെയുള്ള തർക്കം തീർപ്പാക്കേണ്ടതും, അപ്രകാരമുള്ള തർക്കത്തെ സംബന്ധിച്ച് ഏതെങ്കിലും വ്യവഹാരമോ അഥവാ മറ്റു നടപടികളോ സ്വീകരിക്കാൻ മറ്റ് യാതൊരു കോടതിക്കോ അധികാരസ്ഥാനത്തിനോ അധികാരിതയുണ്ടായിരിക്കുന്നതല്ലാത്തതുമാകുന്നു.".

40. 69എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 69എ വകുപ്പിലെ (1)-ാം ഉപവകുപ്പിൽ, "ബാങ്കിംഗ് ഇടപാടുകൾ നടത്തുന്ന" എന്നീ വാക്കുകൾ ഒഴിവാക്കേണ്ടതാണ്.

41. 70-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 70-ാം വകുപ്പിലെ (6)-ാം ഉപവകുപ്പിൽ, "ഒരു അവാർഡ് പാസ്സാക്കേണ്ടതും" എന്നീ വാക്കുകൾക്ക് ശേഷം "പണപരമായ പ്രശ്നങ്ങൾ ഉൾപ്പെടുന്ന സംഗതികളിൽ ഒരു വർഷത്തിനകം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

42. 70എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 70എ വകുപ്പിന്റെ (2)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) ആർബിട്രേഷൻ കോടതിയുടെ പ്രിസൈഡിംഗ് ഓഫീസർ ജുഡീഷ്യൽ സർവ്വീസിലെ മുൻസിഫ് മജിസ്ട്രേറ്റ് റാങ്കിലോ അതിനു മുകളിലോ ഉള്ള ഒരു ഓഫീസർ ആയിരിക്കേണ്ടതാണ്.".

43. 73-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 73-ാം വകുപ്പിൽ,—

(i) (2എ) ഉപവകുപ്പിലും അതിന്റെ വിശദീകരണത്തിലും ഉള്ള "മൂന്നു വർഷം" എന്നീ വാക്കുകൾക്ക് പകരം "രണ്ട് വർഷം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (2എ) ഉപവകുപ്പിൽ, വിശദീകരണത്തിനു ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധനകൾ ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, 72-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച തീയതി മുതൽ രണ്ട് വർഷക്കാലയളവിനുള്ളിൽ സമാപന നടപടികൾ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പൂർത്തീകരിക്കാൻ കഴിയാത്തപക്ഷം ലിക്വിഡേറ്റർ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് അദ്ദേഹത്തിനെ തടസ്സപ്പെടുത്തുന്ന നടപടികളിലെ തടസ്സങ്ങൾ വിവരിച്ചുകൊണ്ട് രജിസ്ട്രാർ മുഖേന ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതും അങ്ങനെയുള്ള സംഗതികളിൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയപരിധിയ്ക്കുള്ളിൽ സർക്കാരിന്റെ അംഗീകാരത്തോടുകൂടി അന്തിമ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്:

എന്നാൽ, യാതൊരു കാരണവശാലും അത്തരം ദീർഘിപ്പിക്കൽ ഒരു വർഷകാലയളവ് അധികരിക്കാൻ പാടില്ലാത്തതാണ്.".

44. 74<u>സി</u> വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 74<u>സി</u> വകുപ്പിൽ,—

(i) നിലവിലുള്ള വകുപ്പിനെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതാണ്.

(ii) അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) രജിസ്ട്രാർ, പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ആവശ്യമെങ്കിൽ, പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിക്കുന്നതിനുള്ള പരിഹാരനടപടികൾ സർക്കാരിനോട് നിർദ്ദേശിക്കേണ്ടതാണ്.".

45. 76-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 76-ാം വകുപ്പിൽ, "68-ാം വകുപ്പ് (2)-ാം ഉപവകുപ്പ്, പ്രകാരമോ" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും ബ്രാക്കറ്റിനും ശേഷം "69<u>എ</u> വകുപ്പിൽ വ്യവസ്ഥ ചെയ്യുന്ന ഓംബുഡ്സ്മാന്റെ ഏതൊരു ഉത്തരവോ" എന്നീ വാക്കുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്.

46. 80-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 80-ാം വകുപ്പിൽ,—

(i) (3)-ാം ഉപവകുപ്പിൽ അവസാന ഭാഗത്തായി താഴെപ്പറയുന്ന വാക്യം ചേർക്കേണ്ടതാണ്, അതായത്:—

"പ്രസ്തുത നിയമനം നിർണ്ണയിക്കപ്പെട്ട പ്രകാരം പിന്നീടുള്ള പോലീസ് പരിശോധനയിലൂടെ അദ്ദേഹത്തിന്റെ/അവരുടെ സ്വഭാവവും പൂർവ്വചരിത്രവും പരിശോധിച്ച ശേഷം മാത്രമേ നിയമനം ക്രമപ്പെടുത്തുവാൻ പാടുള്ളൂ.".

(ii) (3<u>എ</u>) ഉപവകുപ്പിൽ,—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എ) "സംഘം ജീവനക്കാരുടെയും" എന്നീ വാക്കുകൾക്ക് പകരം "സംഘങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ് ഒഴികെയുള്ള സംഘം ജീവനക്കാരുടെയും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) താഴെപ്പറയുന്ന വാക്യം അവസാന ഭാഗത്തായി ചേർക്കേണ്ടതാണ്, അതായത്:—

"അപ്പെക്സ് സംഘങ്ങളിലെ ചീഫ് എക്സിക്യൂട്ടീവിന്റെ നിയമനം യോഗ്യതകൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ നടത്തേണ്ടതാണ്.".

(iii) (5)-ാം ഉപവകുപ്പിൽ,—

(എ) "മൂന്നു ശതമാനം" എന്നീ വാക്കുകൾക്ക് പകരം "നാല് ശതമാനം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) ക്ലിപ്തനിബന്ധനയിൽ, "മുപ്പത്തിമൂന്നിൽ" എന്ന വാക്കിന് പകരം "ഇരുപത്തിയഞ്ചിൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

47. 80എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 80എ വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ, "ബോർഡുകളിലെ ജീവനക്കാർക്കും" എന്നീ വാക്കുകൾക്ക് പകരം "ബോർഡുകളിലെയും സംസ്ഥാനത്തിലെ സഹകരണ യൂണിയനുകളിലെ ജീവനക്കാരെയും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

48. 80ബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 80ബി വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"(1) ഉദ്യോഗസ്ഥരെയും ജീവനക്കാരെയും റിക്രൂട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട്, ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ ഏതെങ്കിലും സംഘത്തിന്റെ ഉപനിയമങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, എന്നാൽ, 80ബിബി വകുപ്പിന് വിധേയമായും സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി, എല്ലാ സഹകരണ സംഘങ്ങളിലും ബോർഡുകളിലും രജിസ്ട്രാറിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിലേയ്ക്കും, ജൂനിയർ ക്ലർക്കും അതിനു മുകളിലെ വിഭാഗങ്ങളിലുമുള്ള തസ്തികകളിലേയ്ക്കുമുള്ള നേരിട്ടുള്ള എല്ലാ നിയമനങ്ങൾക്കും വേണ്ടി എഴുത്തുപരീക്ഷ നടത്തുന്നതിനായി ഒരു സഹകരണ പരീക്ഷാ ബോർഡ് രൂപീകരിക്കേണ്ടതാണ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ, രജിസ്ട്രാറിന്, ഇത്തരം സംഘങ്ങളുടെ സാമ്പത്തിക ശേഷിയും പ്രവർത്തനക്ഷമതയും കണക്കിലെടുത്ത് ഏതെങ്കിലും സംഘത്തെയോ സംഘങ്ങളുടെ വിഭാഗത്തെയോ നിർണ്ണയിക്കപ്പെടുന്ന പ്രകാരം ഈ ഉപവകുപ്പിന്റെ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കാവുന്നതാണ്.”.

49. <u>88-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 88-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ (ഇ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

“(ഇ) സർക്കിളിൽ അധികാരിതയുള്ള സഹകരണ ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ, എക്സ് ഒഫിഷ്യോ;”.

50. <u>88ബി വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 88ബി വകുപ്പിലെ (iii)-ാം ഖണ്ഡത്തിൽ, “ഒരു ആഫീസറെ” എന്നീ വാക്കുകൾക്കു ശേഷം “അല്ലെങ്കിൽ ഒരു അഡ്മിനിസ്ട്രേറ്ററെ അല്ലെങ്കിൽ മൂന്നിൽ കുറയാത്ത അംഗങ്ങളുള്ള ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ, അതിൽ ഒരാൾ കൺവീനർ ആയിരിക്കേണ്ടതും” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

51. <u>89-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 89-ാം വകുപ്പിലെ (4)-ാം ഉപവകുപ്പിൽ,—

(i) (ഡി) ഖണ്ഡത്തിൽ, “(സി) ഖണ്ഡപ്രകാരം” എന്ന വാക്കിനും അക്ഷരത്തിനും ബ്രാക്കറ്റിനും പകരം “(ബി) ഖണ്ഡപ്രകാരം” എന്ന വാക്കും അക്ഷരവും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

(ii) (ഇ) ഖണ്ഡത്തിൽ, “(ഡി) ഖണ്ഡപ്രകാരം” എന്ന വാക്കിനും അക്ഷരത്തിനും ബ്രാക്കറ്റിനും പകരം “(സി) ഖണ്ഡപ്രകാരം” എന്ന വാക്കും അക്ഷരവും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

(iii) (എഫ്) ഖണ്ഡത്തിൽ, “(ഇ) ഖണ്ഡപ്രകാരം” എന്ന വാക്കിനും അക്ഷരത്തിനും ബ്രാക്കറ്റിനും പകരം “(ഡി) ഖണ്ഡപ്രകാരം” എന്ന വാക്കും അക്ഷരവും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

52. <u>89ബി വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 89ബി വകുപ്പിൽ, ഖണ്ഡം (iii)-ൽ “ഒരു ആഫീസറെ” എന്നീ വാക്കുകൾക്ക് പകരം “അഡീഷണൽ രജിസ്ട്രാറുടെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പദവിയിൽ കുറയാത്ത ഒരു ഓഫീസറെ അല്ലെങ്കിൽ ഒരു അഡ്മിനിസ്ട്രേറ്ററെ അല്ലെങ്കിൽ മൂന്ന് ആളുകൾ അടങ്ങുന്ന ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ, അതിൽ ഒരാൾ കൺവീനർ ആയിരിക്കേണ്ടതും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

53. 91-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 91-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ (സി) ഖണ്ഡത്തിൽ, "സഹകരണതത്വങ്ങളെയും" എന്ന വാക്കിനു മുൻപായി "വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുകയും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

54. 94-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 94-ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിൽ, "രണ്ടായിരം" എന്ന വാക്കിന് പകരം "അയ്യായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (3)-ാം ഉപവകുപ്പിൽ, "രണ്ടായിരം" എന്ന വാക്കിന് പകരം "അയ്യായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(iii) (4)-ാം ഉപവകുപ്പിൽ, "അയ്യായിരം" എന്ന വാക്കിന് പകരം "പതിനായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(iv) (4എ) ഉപവകുപ്പിൽ, "അയ്യായിരം" എന്ന വാക്കിന് പകരം "പതിനായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(v) (4ബി) ഉപവകുപ്പിൽ, "ആയിരം" എന്ന വാക്കിന് പകരം "അയ്യായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(vi) (5)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിൽ, "അയ്യായിരം" എന്ന വാക്കിന് പകരം "പതിനായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(vii) (6)-ാം ഉപവകുപ്പിൽ, "അയ്യായിരം" എന്ന വാക്കിന് പകരം "പതിനായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(viii) (7)-ാം ഉപവകുപ്പിൽ, "അയ്യായിരം" എന്ന വാക്കിന് പകരം "പതിനായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ix) (7)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്നവ (7എ) ഉപവകുപ്പായി ചേർക്കേണ്ടതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"(7എ) ഏതെങ്കിലും സഹകരണ സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവോ കമ്മിറ്റിയോ 59-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുകയാണെങ്കിൽ പതിനായിരം രൂപ വരെയാകാവുന്ന പിഴശിക്ഷ നൽകി ശിക്ഷിക്കപ്പെടാവുന്നതാകുന്നു.".

(x) 10-ാം ഉപവകുപ്പിൽ, "(6), (7)" എന്ന ബ്രാക്കറ്റുകൾക്കും അക്കങ്ങൾക്കും ചിഹ്നത്തിനും പകരം "(6), (7), (7എ)" എന്ന ബ്രാക്കറ്റുകളും അക്കങ്ങളും ചിഹ്നങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്.

55. 95-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 95-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ, "(2), (3), (4), (5), (6), (7)" എന്നീ ബ്രാക്കറ്റുകൾക്കും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "(2), (3), (4), (5), (6), (7), (7എ)" എന്നീ ബ്രാക്കറ്റുകളും അക്കങ്ങളും ചിഹ്നങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്.

56. 106എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 106-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"106എ. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) 2023-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ് പ്രകാരം ഭേദഗതി വരുത്തിയ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സംസ്ഥാന സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് മുഖേന പ്രസ്തുത വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്ന ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത തരത്തിൽ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, 2023-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭം മുതൽ രണ്ട് വർഷ കാലാവധി അവസാനിച്ച ശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻ കീഴിൽ പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും പുറപ്പെടുവിച്ചാൽ ഉടൻ തന്നെ നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.".

57. 1-ാം പട്ടികയുടെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 1-ാം പട്ടികയിൽ, ക്രമനമ്പർ 15-നു ശേഷം താഴെപ്പറയുന്ന ക്രമനമ്പരുകളും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

“16. കേരള സംസ്ഥാന വനിതാ സഹകരണ ഫെഡറേഷൻ ലിമിറ്റഡ് (വനിതാഫെഡ്).

17. കേരള സംസ്ഥാന സഹകരണ ടൂറിസം ഫെഡറേഷൻ ലിമിറ്റഡ് (ടൂർഫെഡ്).

18. കേരള സംസ്ഥാന തൊഴിൽ സഹകരണ ഫെഡറേഷൻ ലിമിറ്റഡ് (ലേബർഫെഡ്).

19. കേരള സംസ്ഥാന സഹകരണ ഹോസ്പിറ്റൽ ഫെഡറേഷൻ ലിമിറ്റഡ് (ഹോസ്പിറ്റൽഫെഡ്).”.

(ശരിത്തർജ്ജമ)

രഹ്ന വി. എം.,
*നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/